# ദി എൻഡ് ടൈം ന്യൂസ്

ദി വേക്ക് അപ്പ് കോൾ

Harvesting Souls Mission

Reg no : TVM/TC/1717/2014
Established :USA
Published from : India, Kerala, TVM

VOL. 01 ISSUE - 01 CHRISTIAN NEWSPAPER PAGES 13 DECEMBER 2017


# ബൈബിൾ പറഞ്ഞത് സത്യം

## ഒടുവിൽ ശാസ്ത്രം സമ്മതിച്ചു മനുഷ്യനെ സൃഷ്ടിച്ചത് മണ്ണിൽ നിന്നു തന്നെ.



മനുഷ്യന്റെ ഉൽഭവത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക് മനുഷ്യനോളം തന്നെ പഴക്കമുണ്ട്. ആ അന്വേഷണങ്ങൾക്ക് ഇപ്പോൾ ഒരു ഉത്തരമായിരിക്കുന്നു എന്നു വേണം കരുതാൻ. ഇറാഖിലെ പശ്ചിമ ബാഗ്ദാദ് പ്രദേശങ്ങളിൽ ഗവേഷണം നടത്തുകയായിരുന്ന ഒരു സംഘം നരവംശ ശാസ്ത്രജ്ഞരാണ് 2017 ഒക്ടോബർ ആദ്യ വാരം ജീവന്റെ രഹ്യത്തിലേക്ക് വെളിച്ചം വീശുന്ന ആ സുപ്രധാന കണ്ടുപിടിത്തം നടത്തിയത്. ബാഗ്ദാദിനും ഹിലയ്ക്കുമിടയിൽ നടന്ന ശാസ്ത്രീയ ഖനനങ്ങളിൽ ഉയർന്ന് വന്ന പൗരാണികാവശിഷ്ടങ്ങളിൽ ഒന്ന് അതിശയകരമായിരുന്നു. കണ്ടെത്തിയിട്ടുള്ളതിൽ ഏറ്റവും പഴക്കം ചെന്ന ഫോസിലായിരുന്നു അത്.

സ്വിറ്റ്സർലൻഡിലെ സേണിലെ ഭൗമാന്തര ഗവേഷണ ലയിൽ നടത്തിയ c14 ഡേറ്റിംഗ് എന്ന അത്യാധുനിക പാലിയന്റോളജിക്കൽ കാർബൺ ഡേറ്റിംഗ് സാങ്കേതിക വിദ്യയിൽ പ്രസ്തുത ഫോസിൽ ഒരു പുരുഷന്റേതാണെന്നും അതിന് ഏകദേശം 2,00,000വർഷങ്ങളോളം പഴക്കമുണ്ടെന്നും തെളിഞ്ഞു. അത്ര പഴക്കമുള്ള ഒരു ഫോസിൽ കേടുപാടുകളില്ലാതെ ലഭിക്കുന്നത് അത്യപൂർവ്വമായ സംഭവമായിരുന്നു എന്ന് ഗവേഷണത്തിന് നേതൃത്വം കൊടുത്തിരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്രിയേഷൻ റിസർച്ചിലെ നരവംശശാസ്ത്ര വകുപ്പ് മേധാവി ഡോ.ക്ലിഫോർഡ് ബർഡിക് പറഞ്ഞു. ഫോസിലിന്റെ പഴക്കവും അതിനരികിൽ കാണപ്പെട്ട, ചരിത്രാതീതകാലത്തെ അടുപ്പിലൂതുന്ന തരം കരിങ്കൽ കുഴലും മനുഷ്യോൽപ്പത്തിയിലേക്ക് വെളിച്ചം വീശുന്നതാണെന്നും അദ്ദേഹം സൂചിപ്പിച്ചു.

അതിശയിപ്പിക്കുന്ന കാര്യം അതല്ല, പ്രകൃതിയാൽ അങ്ങേയറ്റം സൂക്ഷ്മമായി പരിരക്ഷിക്കപ്പെട്ടിരുന്ന ആ ഫോസിലിന് ഒരു വാരിയെല്ല് കുറവാണത്രെ. തുടർന്നുള്ള സൂക്ഷ്മ പഠനങ്ങളിൽ വാരിയെല്ല് കാലപ്പഴക്കത്താൽ നശിച്ച് പോയതായി യാതൊരു തെളിവും കണ്ടെത്താനായില്ല. മാത്രമല്ല, ആരോ കൃത്യമായി ഇളക്കിയെടുത്തത് പോലെയാണ് ആ വാരിയെല്ല് അസ്ഥിവ്യവസ്ഥയുമായി യോജിക്കേണ്ട ഭാഗങ്ങൾ കാണപ്പെടുന്നത്.

യു.എസിലെ മിഷിഗണിലുള്ള സെന്റർ ഫോർ അഡ്വാൻസ്ഡ് ആന്ത്രപ്പോളജിക്കൽ സ്റ്റഡീസുമായി ചേർന്ന് നാസയുടെ നരവംശശാസ്ത്ര വിഭാഗം നടത്തിയ ബ്രെയിൻ മാപ്പിംഗ് പരീക്ഷണങ്ങളിൽ ഫോസിലിന്റെ തലയോട്ടിക്കുള്ളിൽ മറ്റ് ഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു തരം കളിമണ്ണാണ് ഉള്ളത് എന്ന് കാണപ്പെട്ടു. ഈ മണ്ണിന് മധ്യേഷയിലെ പുരാതന കാൽഡിയൻ പ്രദേശത്ത് (പിന്നീട് ബാബിലോണിയയും ഇന്നത്തെ ഇറാഖുമായി മാറിയ പ്രദേശം) കണ്ടെത്തിയ 2,00,000 വർഷം പഴക്കമുള്ള ഉൽക്കയിലെ മണ്ണുമായി ധാതു സമ്പത്തിൽ അത്ഭുതകരമായ സാദൃശ്യമുണ്ടെന്ന് നാസയുടെ ജിയോളജി വകുപ്പിലെ മുതിർന്ന ശാസ്ത്രജ്ഞൻ ഡോ.ഫ്രാങ്ക് മാർഷ് പറഞ്ഞു. കാൽഡിയൻ പ്രദേശം ആദിമ മെസപ്പൊട്ടേമിയൻ സംസ്ക്കാരത്തിന്റെ പ്രഭവ കേന്ദ്രമായിരുന്നു എന്നതുമായി ഇതിനെ കൂട്ടിയാവായിക്കണം എന്ന് ഡോ.ക്ലിഫോർഡ് കൂട്ടിച്ചേർത്തു.

ഏതായാലും മെസപ്പട്ടേമിയയിലെ ഒരു വാരിയെല്ല് ഇല്ലാത്ത പുരുഷന്റെ അത്യപൂർവ്വ കളിമൺ സാന്നിദ്ധ്യമുള്ള ഫോസിൽ പുറത്തുവന്നതോടെ മനുഷ്യൻ ഉണ്ടായത് മണ്ണിൽ നിന്ന് തന്നെയെന്ന് ശാസ്ത്രം ഒടുവിൽ സമ്മതിച്ചിരിക്കുകയാണ്. ഈ സുപ്രദാന കണ്ടുപിടുത്തം 1966 മുതൽ യുനെസ്കോ നരവംശശാസ്ത്ര പ്രതി

**വരമൊഴി** ജയ്മോഹൻ അതിരുങ്കൽ



# ബൈബിൾ പഠന കൂട്ടായ്മയുമായി യിസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു

യിസ്രായേലിന്റെ ആദ്യ പ്രധാനമന്ത്രിയായിരുന്ന ഡേവിഡ് ബെൻഗൂരിന്റെ കാലം മുതലേ വർഷം തോറും ബൈബിൾ പഠന ക്ളാസ്സ് സംഘടിപ്പിക്കുന്ന പതിവുണ്ടായിരുന്നു. ഈ പാരമ്പര്യത്തിന്റെ പിൻതുടർച്ചയായി തന്റെ ഔദ്യോഗിക വസതിയിൽ യിസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ബൈബിൾ പഠന ക്ളാസ്സ് സംഘടിപ്പിച്ചത്.. പ്രധാനമന്ത്രിയും പ്രധാന ഉദ്യോഗസ്ഥരും അടങ്ങുന്ന സംഘം ബൈബിൾ പഠനത്തിനായി ക്രൈസ്തവ പ്രമുഖരുടെ നേതൃത്വത്തിൽ ഒത്തുകൂടി. ബൈബിളിന്റെ പഴയ നിയമങ്ങൾ മുക്കാലും യിസ്രായേലിന്റെ ചരിത്രമാണ്. എന്നാൽ യിസ്രായേൽ മതഗ്രന്ഥമായ തൗറത്തിലും മറ്റ് യിസ്രായേല്യ ഗ്രന്ഥങ്ങളിലും ഉള്ളതിലും യിസ്രായേല്യ ചരിത്രങ്ങളുടെ ആധികാരികമായ രേഖകൾ ബൈബിളിലുണ്ട്. അതുകൊണ്ട് യിസ്രായേല്യർക്ക് ബൈബിളിനെ നി.ഷേധിക്കാനാവില്ല.. എന്നാൽ ജൂത സമൂഹാംഗമായ യേശുക്രിസ്തുവിന്റെ ദൈവത്വത്തെ യാഥാസ്ഥിതിക യഹൂദർ അംഗീകരിക്കുന്നുമില്ല.ആധുനിക യിസ്രായേൽ രൂപപ്പെട്ട് ഭരണസംവിധാനങ്ങൾ പ്രാവർത്തികമായ കാലം മുതലേ ഭരണനേതൃത്വം ബൈബിൾ പഠനത്തിനും ഒരു ഔദ്യോഗീക ഉത്തരവാദിത്വം പോലെ ഒരു ദിവസം വേർതിരിച്ചിരിക്കുന്നു.



ജൂത-ക്രൈസ്തവ മൂല്യങ്ങൾക്ക് വളരെ പ്രാധാന്യം നൽകുന്ന കുടുംബമാണ് യിസ്രായേൽ പ്രധാന മന്ത്രിയുടേത്. അദ്ദേഹത്തിന്റെ ഭാര്യ ഒരു ബൈബിൾ പണ്ഡിതന്റെ മകളാണ്. മക്കളും ബൈബിൾ പഠനങ്ങളിൽ തൽപരരാണ്. മകൻ ആവ്നെർ നാഷണൽ ബൈബിൾ ക്വിസിൽ ഒന്നാം സ്ഥാനവും അന്താരാഷ്ട്ര ബൈബിൾ ക്വിസിൽ മൂന്നാം സ്ഥാനവും നേടിയിട്ടുണ്ട്.

# 2600 ൽ ഭൂമി അഗ്നിഗോളമായി മാറുമെന്ന് സ്റ്റീഫൻഹോക്കിംഗ്.

**ബീജിംഗ്:** 600 വർഷം കഴിയുമ്പോൾ ഭൂമി ഒരു അഗ്നി ഗോളമായി മാറുമെന്ന് പ്രശസ്ത ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിങ്ങ് മുന്നറിയിപ്പ് നൽകി. വർദ്ധിക്കുന്ന ജനസംഖ്യയും ഊർജ്ജ അപര്യാപ്തതയുമാണ് ഭൂമിയെ നശിപ്പിക്കുക. സൗരയൂഥത്തിന്റെ അടുത്ത നക്ഷത്രസമൂഹമായ ആൽഫസെന്റൗറിയിലേക്ക് നാനോബഹിരാകാശ ചിപ്പ് അയക്കാനുള്ള ടെൻസെന്റ് വെബ് സമ്മിറ്റിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ധേഹം.

ആൽഫ സെന്റൗറിയിലേയ്ക്ക് കുടിയേറുകമാത്രമേ ഇനി രക്ഷയുള്ളൂവെന്നും അതിനുള്ള ശ്രമത്തിനായി തുക കണ്ടെത്തണമെന്നും ഹോക്കിംഗ് പറഞ്ഞു. ലൈറ്റ്ബീമിലൂടെ നാനോചിപ്പ് ആൽഫസെന്റരിലേക്ക് അയക്കാനുള്ള പ്രൊജക്ടാണ് ടെൻസെന്റ്. ഈ പദ്ധതി പ്രകാരം ഒരു മണിക്കൂറിനുള്ളിൽ ചൊവ്വയിലേക്ക് എത്താനാകും. ബഹിരാകാശയാത്ര വാഹനമായ വോയേജറിനെ മറികടന്ന് ലൈറ്റ്ബീം ഒരാഴ്ചകൊണ്ട് പ്ലൂട്ടോയിലും 20 വർഷം കൊണ്ട് ആൽഫ സെന്റൗറിയിലുമെത്തുമെന്നാണ് കരുതുന്നത്. നിലവിലുള്ള ബഹിരാകാശ യാത്രാവിമാനമുപയോഗിച്ച് 25 ട്രില്ല്യൺ മൈലുകൾ ദൂരമുള്ള ആൽഫ സെന്റൗറിയിലേക്ക് സഞ്ചരിക്കാൻ 30,000 വർഷം വേണ്ടിവരും.

# Editorial board





## EDITORIAL BOARD

**CHIEF EDITOR**
Baiju Yacob Edavila ok USA

**SUB EDITOR**
Manuel Joseph
Daniel Jacob

**EDITORS**
Pastor A Anilkumar
Thozhuvancodu
Rev. Joseph chacko

**MANAGER**
Bovas Sreekaryam

**CO-ORDINATORS**
John Francis (Dallas)
Sis.Syam
Sis.Saritha
Sis.Simi
Sis.Lesley Yacib OK USA

**REPORTERS**
Miniesh Kumar(Baharin)
Pastor Stephen (Andrapradesh)

**ADVISORY BOARD**
Pastor Shibu Thomas OK USA
Pastor Ashok Eranakulam
M.Jacob Thiruvananthapuram

**INDIA**
VRA-402,Vikasnagar
Sreekariyam p.o.
Thiruvanthapuram.695017
Kerala



**Disclaimer**
The views expressed in this online newspaper are those of the authors and do not necessarily reflect the position of HSM End Time News. The online newspaper will not bear any responsibility whatsoever for them. The images used in the newspaper have been downloaded from the Internet and we acknowledge that the copyright of those images remain with the original owners. HSM End Time News does not claim any copyright for them and does not intend to use them for commercial purposes.


## പത്രാധിപ ലേഖനം.

ദൈവീക വിളി മനസ്സിലാക്കി ക്രിസ്തീയ പോർക്കളത്തിൽ ആയിരിക്കുന്ന ഓരോ ഭക്തനും അത്യുഷ്ണവും നീറ്റലുളവാക്കുന്നതും ചെറുതും വലുതുമായ വിലയേറിയ അനുഭവങ്ങൾ പഠിപ്പിക്കുവാൻ ക്രിസ്തു എന്നെ ഉപയോഗിക്കുന്ന മുഖാന്തിരത്തിനായി നന്ദി പറയുന്നത് കൊണ്ട് ഈ സംരഭത്തെക്കുറിച്ച് ചിലത് ചുരുക്കത്തിൽ.

Harvesting souls mission എന്ന Organization 2013 ൽ ഇന്ത്യയിലും USA യിലും രൂപീകരിക്കുവാൻ ഞങ്ങളെ ദൈവം പ്രാപ്തരാക്കി. ഇന്ത്യയുടെ സുവിശേഷീകരണവും ജീവിതത്തിന്റെ താഴെ തട്ടിലുള്ള ജനതയ്ക്ക് തങ്ങളാൽ കഴിയുന്ന സഹായങ്ങളും ചെയ്യുവാൻ കഴിയും എന്ന ഉത്തമ ബോധ്യത്തോടും ലക്ഷ്യത്തോടും കൂടി ഈ പ്രസ്ഥാനം പ്രവർത്തനം ആരംഭിച്ചു. Harvesting souls mission ന്റെ വെബ്സൈറ്റും ഫെയ്സ് ബുക്കും ലോക ജനതയുടെ ഇടയിൽ ആശ്ചര്യജനകമായ വരവേൽപ്പും പിൻതുണയും പ്രചാരവും ലഭിച്ചതോടെ ഇവരിലേക്ക് വചനം എങ്ങനെ എത്തിക്കാം എന്ന ചിന്തയിൽ നിന്ന് E-Papper എന്ന ആശയം ഉടലെടുത്തു. (HSM) ന്റെ Media വിഭാഗം THE END TIME NEWS എന്ന പേരിൽ തികച്ചും ക്രിസ്തീയ ഗോളത്തിൽ കേന്ദ്രീകൃതമായി ഇംഗ്ലീഷിലും മലയാളത്തിലും വ്യത്യസ്തങ്ങളായ വചന പ്രമേയങ്ങളിൽ പ്രസിദ്ധീകരിപ്പാൻ ദൈവം ഇടയാക്കി. ഈ സംരഭത്തിന് ചുക്കാൻ പിടിക്കുവാൻ എനിക്ക് കൃപ നൽകിയ കർത്താവിന് സകല മാനവും മഹത്വവും അർപ്പിക്കുന്നു. ആത്മീയ ശുശ്രൂഷയിൽ എന്നെ ഏറ്റവും പ്രോത്സാഹിപ്പിക്കുന്ന എന്റെ ആത്മീയ ഗുരു പാസ്റ്റർ എ.അനിൽകുമാർ തൊഴുവൻകോടിനോടും ഒക്കലഹോമ ഹെബ്രോൻ സഭയുടെ പാസ്റ്റർ ഷിബു തോമസ്സിനും ഈ സംരഭത്തിന് പിന്നിൽ പ്രവർത്തിച്ചവരെയും ഓർക്കുകയും ദൈവനാമത്തിലുള്ള ഹൃദയം നിറഞ്ഞ നന്ദിയും അറിയിക്കട്ടെ. ആത്മാക്കളുടെ അധിപനായ സർവ്വശക്തനായ ദൈവം നിങ്ങൾക്ക് നൽകിയിരിക്കുന്ന താലന്തിനൊത്തവണ്ണം ആത്മാക്കളെ നേടുവാൻ നിങ്ങളേവരെയും പ്രാപ്തരാക്കട്ടെ എന്ന പ്രാർത്ഥനയോടെ എന്റെ കുറിപ്പ് നിർത്തുന്നു.

ശാലോം.



**ബൈജു യാക്കോബ്.**

**ഇന്നത്തെ മനുഷ്യന് സകലത്തിന്റെയും വില അറിയാം;**
**എന്നാൽ ഒന്നിന്റെയും മൂല്യം അറിയുന്നില്ല.**

# ഷെറിൻ മാത്യുവിന്റെ കൊലപാതകം വളർത്തമ്മ സിനി മാത്യൂസ് അറസ്റ്റിൽ.





**ഡാളസ്:** മലയാളി ദമ്പതികളുടെ ദത്തുപുത്രി മൂന്ന് വയസ്സുകാരി ഷെറിൻ മാത്യൂസിന്റെ കൊലപാതകത്തിൽ വളർത്തമ്മ സിനി മാത്യൂസിനെയും പോലീസ് അറസ്റ്റു ചെയ്തു. കേസിൽ വളർത്തച്ഛൻ വെസ്ലി മാത്യൂസിനെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. ഇയാളെ ചോദ്യം ചെയ്തപ്പോൾ ലഭിച്ച പര്പര വിരുദ്ധമായ മൊഴികളും പോലീസിന് ലഭിച്ച ശാസ്ത്രമായ തെളിവുകളുമാണ് സിനി മാത്യൂസിന്റെ അറസ്റ്റിന് വഴി തെളിച്ചത്. പുലർച്ചെ 3 ന് കുട്ടിയെ നിർബന്ധമായി പാലുകുടിപ്പിക്കാൻ ശ്രമിച്ചപ്പോൾ ഉണ്ടായ ശ്വാസം മുട്ടൽ മരണത്തിന് കാരണമായി എന്നാണ് വെസ്ലി മാത്യൂസ് പോലീസിനോട് പറഞ്ഞിരുന്നത്. എന്നാൽ ഈ സമയം സിനി ഇതൊന്നും അറിയാതെ ഉറങ്ങുകയായിരുന്നു എന്നാണ് പോലീസിന് കൊടുത്ത മൊഴി. എന്നാൽ ദത്തുപുത്രിയെ വീട്ടിൽ തനിച്ചാക്കി വെസ്ലിയും സിനിയും സ്വന്തം മകൾക്കൊപ്പം ഭക്ഷണം കഴിക്കാൻ പുറത്ത് പോയതായി പോലീസ് കണ്ടെത്തിയിട്ടുണ്ട്. സംഭവം നടന്ന ദിവസം പുലർച്ചെ ഒരു വാഹനം പുറത്ത് പോയതായി സി.സി ടി.വി ദൃശ്യങ്ങളിൽ നിന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ട്. ഈ വാഹനം പരിശോധിച്ച് കണ്ടെത്തിയ ഡി.എൻ.എ സാമ്പിളുകൾ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ കുട്ടിയുടെ കൊലപാതകം വീട്ടിനകത്ത് വച്ച് തന്നെ നടന്നതായി കണ്ടെത്തിയിരുന്നു. തുടക്കം മുതൽ സിനിയെ കേസിൽ നിന്ന് ഒഴിവാക്കുന്നതിനും താൻ നിരപരാധിയാണെന്ന് സ്ഥാപിക്കാൻ നടത്തിയ ശ്രമങ്ങളാണ് ഒടുവിൽ പോലീസ് അന്വേഷണത്തിൽ പൊളിഞ്ഞത്.

# പ്രാർത്ഥനയുടെ 50 ദിനങ്ങൾ പ്രഥമ സമ്മേളനം തിരുവല്ലയിൽ

ഉണർവ്വിനെ ലക്ഷ്യമാക്കി നവംബർ 16 – 2018 ജനുവരി 4 വരെ കേരളമാകെ പ്രാർത്ഥനാദിനങ്ങളായി വേർതിരിക്കുന്നു. കേരളത്തിലെ 14 ജില്ലകളിലായി 50 ദിവസം കൊണ്ട് നൂറിലധികം പ്രാർത്ഥനാസമ്മേളനങ്ങൾസംഘടിപ്പിക്കുന്നു. ഓരോ ജില്ലയിലെയും വിവിധ താലൂക്കുകളിൽ ഏഴു ദിവസം പ്രാർത്ഥനകൾ നടക്കും. സത്യ ദൈവമായ യേശുവിനെ ജനങ്ങൾ അറിയുക, ക്രൈസ്തവ സഭ നേരിടുന്ന പീഢനങ്ങൾ, സുവിശേഷീകരണത്തിൽ നേരിടുന്ന വെല്ലുവിളികൾ തുടങ്ങിയ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുന്നതാണ്.

പ്രഥമ സമ്മേളനം തിരുവല്ല ഐ.പി.സി പ്രയർ സെന്ററിൽ നവംബർ 16 ന് രാവിലെ ഒൻപതു മുതൽ ഉച്ചയ്ക്ക് രണ്ടു വരെ നടക്കും. പാസ്റ്റർ രാജു പൂവക്കാല ഉദ്ഘാടനം ചെയ്യും. നാഷണൽ പ്രയർ മൂവ്മെന്റ് നാഷണൽ ചെയർമാൻ ഇവാ കെ.വി പോൾ മുഖ്യസന്ദേശം നൽകും. മേജർ വി.ഐ ലൂക്കും പ്രസംഗിക്കും. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള കോ-ഓർഡിനേറ്റർമാർ, പ്രയർ ഹൗസ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള വിവിധ സഭകളിലെ ദൈവദാസന്മാരും ദൈവമക്കളും സംബന്ധിക്കും.

അഡ്വ.ജോൺ മത്തായി ജനറൽ കൺവീനറായും, പാസ്റ്റർ ഷെറി കോശി(സെക്രട്ടറി), പാസ്റ്റർ ഡോ.റ്റി. എം.ഇടിക്കുള(ട്രഷറർ), ഇവാ.പൗലോസ് കെ.ജി(പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ എം.കെ.വിശ്വനാഥൻ(പ്രയർ കൺവീനർ), പാസ്റ്റർ സി.പി. മോനായി(മീഡിയാ കൺവീനർ) തുടങ്ങിയവരടങ്ങിയ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു. പാസ്റ്റർ ഷാജി കുര്യൻ, ഇവാ.ജോൺ ജോസഫ്, പാസ്റ്റർ ബെന്നി ജോസഫ് എന്നിവർ ജനറൽ കോർഡിനേറ്റർമാരാണ്.

## ജോസ് പിന്റോ സ്റ്റീഫൻ(51) നിര്യാതനായി.

അമേരിക്കയിലെ പ്രമുഖ മാധ്യമ പ്രവർത്തകൻ ജോസ് പിന്റോ സ്റ്റീഫൻ(51) നിര്യാതനായി. കുറച്ച് നാളായി ജേഴ്സി സിറ്റിയിലെ ക്രൈസ്റ്റ് ഹോസ്പിറ്റലിലെ തീവ്രപരിചരണ വിഭാഗത്തിൽ ഗുരുതരാവസ്ഥയിൽ തുടരുകയായിരുന്നു. 2001 ലാണ് ജോസ് അമേരിക്കയിൽ എത്തുന്നത്. തിരുവനന്തപുരത്ത് കൊച്ചു വേളിയിൽ ജനിച്ച അദ്ദേഹം ഹൃദയാഘാതത്തെ തുടർന്നാണ്മരിക്കുന്നത്.

## നിര്യാതരായി.



**ഒക്കലഹോമ:** പത്തനംതിട്ട നെടുമ്പ്രം ആറ്റുമാലിൽ എ.സി കുര്യൻ (മോനി-75) അമേരിക്കയിൽ ഒക്കലഹോമയിൽ നിര്യാതനായി. സംസ്കാരം പിന്നീട് ഭാര്യ കൊല്ലമന മഠത്തിൽ (കോടിയാട്ട്) ആലീസ് കുര്യൻ. മക്കൾ: ബിജി(യു.എസ്),ബിനു(സൗദി) മരുമക്കൾ: സാക് ചെറിയാൻ(പിസിനാക് 2017 ദേശീയ ട്രഷറാർ), ജോസ് (സൗദി).



**ഡാളസ്:** കൊട്ടാരക്കര ഉമ്മന്നൂർ ജോർജ്ജ് വർഗീസ്(88) ഡാളസിൽ നിര്യാതനായി. അരുവിക്കോട് കുടുംബാംഗമാണ്. ഇന്ത്യൻ ആർമി ഓഫീസറായിരുന്ന ജോർജ്ജ് വർഗീസ് ഡാളസിൽ വിശ്രമ ജീവിതം നയിച്ച് വരികയായിരുന്നു. പരേതയായ കുഞ്ഞേലിയമ്മയാണ് ഭാര്യ. മക്കൾ: പരേതനായ ജോയ് ജോർജ്ജ് – സുനിത(ഡിട്രോയ്റ്റ്), സണ്ണി വർഗ്ഗീസ് – അച്ചാമ്മ(ടിഡ്രോയ്റ്റ്), വിത്സൺ വർഗ്ഗീസ് – മോളി(ഫ്രിസ്കോ), മേഴ്സി കോശി – ലീൽസൺ(അറ്റ്ലാന്റ)

## നിര്യാതരായി.



**സാറാ യാക്കോബ്**

**തിരുവനന്തപുരം:** തിരുവനന്തപുരത്ത് ശ്രീകാര്യം ഇടവിള വീട്ടിൽ എം.യാക്കോബിന്റെ ഭാര്യ സാറാ യാക്കോബ്(73) 20/11/2017 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. മക്കൾ: ബൈജു യാക്കോബ്, ബോസ് യാക്കോബ്, സജി യാക്കോബ് മരുമക്കൾ: ലെസ്ലി യാക്കോബ്, ദിവ്യ യാക്കോബ്, സരിത യാക്കോബ്. കൊച്ചുമക്കൾ: കാതറിൻ യാക്കോബ്, എലിസബത്ത് യാക്കോബ്, അബിഷ യാക്കോബ്, കരുണാ യാക്കോബ്, കൃപാ യാക്കോബ്.



**മേരി ജോസഫ് ഏനോസ് (പൊന്നമ്മ)**

യുഎസ്എ ഒക്കലഹോമയിൽ സാം. കെ.ഇനോസിന്റെ ഭാര്യ മേരി ജോസഫ് ഏനോസ്(പൊന്നമ്മ-71) 14/11/2017 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. മക്കൾ: ലെസ്ലി, ജെഫ്രിയ. മരുമക്കൾ: ബൈജു യാക്കോബ്, ഹണി



**തിരുവനന്തപുരം:** ബെറ്റിവില്ലയിൽ പരേതനായ വിൻസന്റ് ഡിക്രൂസിന്റെ ഭാര്യ യൂഗിൻ ഡിക്രൂസ് (81) നിര്യാതയായി. നവംബർ 24 നായിരുന്നു അന്ത്യം. മക്കൾ: മേരി ജോൺ, ബോണി ഫേസ്, മരുമക്കൾ: ജോൺ ജോസഫ്, യമുന മേരി.



# സാത്താൻ ദൈവജനത്തിന്മേൽ ദൃഷ്ടി വയ്ക്കുന്നതെങ്ങനെ?



പാസ്റ്റർ കെ.ജോയി

**ഇയ്യോബ് 1:8 ൽ**
ദൃഷ്ടി വയ്ക്കുക എന്ന പദത്തിന് പരിഗണിക്കുക എന്ന പദമാണ് ഇംഗ്ലീഷിൽ ഉപയോഗിച്ചിരിക്കുന്നത്. സങ്കീർത്തനം 5:1 ലും 9:3ലും ഇതേ പദം തന്നെ ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. തന്റെ ജനത്തോടുള്ള കരുണ നിമിത്തം അവരെ സഹായിപ്പാനും ആപത്തിൽ നിന്നും വിടുവിപ്പാനും ആലോചന പറഞ്ഞുകൊടുപ്പാനുമായി ദൈവത്തിന്റെ ദൃഷ്ടി അവരുടെ മേൽ ഇരിക്കുന്നു എന്ന ആശയം വെളിപ്പെടുത്തുവാനാണ് ഈ വാക്യങ്ങളിൽ പദം ഉപയോഗിച്ചിരിക്കുന്നത് ദൃഷ്ടികൾ അവരുടെ മേൽ പതിക്കുന്ന അനുഭവമാണ് മേൽ പറഞ്ഞിരിക്കുന്ന വാക്യങ്ങളിൽ പ്രകടമാകുന്നത് എന്നർത്ഥം. സങ്കീർത്തനം 32:8 ൽ ഞാൻ നിന്റെ മേൽ ദൃഷ്ടി വച്ച് നിനക്കു ആലോചന പറഞ്ഞു തരും.ഞാൻ നിന്നെ ഉപദേശിച്ച് നടക്കേണ്ടുന്ന വഴി നിനക്ക് കാണിച്ചു തരും . എന്ന പ്രസ്താവനയിലും എന്ന പദത്തിന്റെ അർത്ഥമാണ് പ്രകടമാകുന്നത്. എന്നാൽ ദുഷ്ടനായ സാത്താൻ ദൈവജനത്തിന്മേൽ ദൃഷ്ടി പതിപ്പിക്കുന്നത് അവരെ വല്ല വിധേനയും നശിപ്പിക്കുവാനാണ്. സാത്താന് വല്ല ഔദാര്യ മനോഭാവവും ഉണ്ടെങ്കിൽ അത് തന്നോടുതന്നെയാണ്. മറ്റുള്ളവരെ ദ്രോഹിക്കുവാനുള്ള ചിന്തയല്ലാതെ മറ്റൊന്നും അവന്റെ അന്തരംഗത്തിൽ ഇല്ല. ഉജ്ജ്വല പ്രഭയുള്ള മിന്നൽ പിണരുകളൊന്നും ഈ മഹാദുഷ്ടന്റെ മനോമണ്ഡലത്തിലൂടെ ഇതേവരെ ചിറകടിച്ചു പറന്നിട്ടില്ല. സഹായത്തിനുള്ള കൃപ ലഭിക്കേണ്ടതിനായി നാം കണ്ണുകൾ ഉന്നങ്ങളിലേക്ക് ഉയർത്തുന്നതു പോലെ സാത്താന്റെ കണ്ണുകളും അത് പതിയുന്ന സ്ഥാനങ്ങളും അതിന്റെ പിന്നിലുള്ള ഉദ്ദേശ്യങ്ങളും എല്ലാം തികച്ചും വിഭിന്നമാണ്. അത്യുന്നതന്റെ പ്രവർത്തികളെ കാണുമ്പോൾ അവന് ഭക്തിയല്ല പിന്നെയോ വിദ്വേഷമനോഭാവമാണ് ഉണ്ടാകുന്നത്. യഹോവ ഭക്തൻമാരുടെ സ്വസ്തതയും സമാധാനവും ഐശ്യര്യവും കാണുമ്പോൾ അവൻ പൂർവ്വാധികം അസൂയാലുവായി മാറുന്നു. സ്വഭാവത്തിൽ ചതിയനും രാജ്യ ദ്രോഹിയുമായ ഒരുവൻ നല്ല മനുഷ്യരുടെ സൽസ്വഭാങ്ങൾ കാണുമ്പോൾ സ്വന്തം ജീവിതത്തിലെ ദുഷ്ടതയും ഹീനതയും വിട്ടു മാറുവാൻ താല്പര്യപ്പെടാതെ കൂടുതൽ വഷളായിത്തീരുന്നതായിട്ടാണ് കണ്ടു വരുന്നത്. മഞ്ഞപ്പിത്തം ഉള്ളവൻ നോക്കിയാൽ എല്ലാം മഞ്ഞിച്ചിരിക്കും എന്നൊരു ചൊല്ല് മലയാളത്തിലുണ്ട്. ഇതു പോലെ മഹാവഞ്ചകനായ സാത്താൻ ഈ ലോകത്തിലുള്ള ആരെടും തന്നെ നല്ല ദൃഷ്ടികളോട് കാണുന്നില്ല.

യഹോവയുടെ അഭിഷിക്തന്മാരേയും വ്രതന്മാരേയും കാണുമ്പോൾ സാത്താൻ തന്റെ ഉള്ളത്തിൽ ഇപ്രകാരം മന്ത്രിക്കുന്നുണ്ടായിരിക്കും അത്യുന്നതന്റെ നിയമനിർമ്മാണ സഭയിലും ജനപ്രതിനിധി സഭയിലും ഒരു പ്രഭുവായി പരിലസിച്ചിരുന്ന ഞാൻ എന്റെ മുൻകാല പദവികളെല്ലാം നഷ്ടപ്പെട്ടവനായി ഇന്നത്തെ സ്ഥിതിയിൽ എത്തിയിരിക്കുന്നു. ഞാൻ എത്ര കണ്ട് പരിശ്രമിച്ചാലും എനിക്ക് പൂർവ്വകാല സ്ഥിതിയിലേക്കു ഇനിയും പറന്നുയരുവാൻ കഴിയുന്നതല്ല. അധോലോകത്തിലെ ചക്രവർത്തിയായി വാഴുന്നതാണ് ഇനിയും എനിക്ക് നല്ലത്. എനിക്കു തിരിച്ചു പോകുവാൻ കഴിയാത്ത ആ സാമ്രാജ്യത്തിലേക്ക് മനുഷ്യരായ ഇക്കൂട്ടർക്ക് എങ്ങനെ എത്തുവാൻ കഴിയും? എനിക്ക് നിവർന്ന് നിൽക്കുവാൻ കഴിയാത്ത ദൈവത്തിന്റെ മുമ്പിൽ ഇവർക്ക് എങ്ങനെ നിവർന്ന് നിൽക്കുവാൻ കഴിയും? ഇവരിൽ ഈ കൃപ പകരുവാൻ എന്താണ് കാരണം നവരത്നങ്ങളാൽ നിർമ്മിക്കപ്പെട്ടവനായിരുന്ന ഞാൻ തൽ സ്ഥാനത്ത് നിൽക്കുവാൻ കഴിയാതെ വീണ് തകർന്ന് പോയി. പൊൻ പാത്രം വീണുതകർന്ന ◌സ്ഥാനത്ത് ഈ മൺപാത്രങ്ങൾ എങ്ങനെ പിടിച്ചു നിൽക്കുന്നു? പരിശോധനകളും പ്രതികൂലങ്ങളും പീഡനങ്ങളും ദാരിദ്ര്യവും എല്ലാം സഹിക്കേണ്ടി വന്നിട്ടും ഇക്കൂട്ടർ ദൈവസന്നിധിയിൽ വിശ്വസ്തതയോടെ നിലനിൽപ്പാൻ കാരണമെന്ത്? ഇവരെ വഴിതെറ്റിക്കുവാൻ എങ്ങനെ കഴിയും? ഈ വിധത്തിലുള്ള ദ്രോഹചിന്തകളാണ് സാത്താന്റെ അന്തരംഗത്തിലുള്ളത് എന്ന് നാം മനസ്സിലാക്കണം.

**മഞ്ഞപ്പിത്തം ഉള്ളവൻ നോക്കിയാൽ എല്ലാം മഞ്ഞിച്ചിരിക്കും എന്നൊരു ചൊല്ല് മലയാളത്തിലുണ്ട്. ഇതു പോലെ മഹാവഞ്ചകനായ സാത്താൻ ഈ ലോകത്തിലുള്ള ആരെടും തന്നെ നല്ല ദൃഷ്ടികളോട് കാണുന്നില്ല.**

# എന്റെ ജനമോ അറിയുന്നില്ല

സോമി ജോസഫ്.



കുറച്ച് നാൾ മുൻപ് എന്റെ ഒരു പേഷ്യന്റ് വിളിച്ചു. പതിവിനു വിപരീതമായി അയാളുടെ സ്വരത്തിൽ എന്തെന്നില്ലാത്ത സന്തോഷം....! ഒരിക്കലും അയാൾ ഇത്രയും സന്തോഷത്തോടെ സംസാരിച്ചുകേട്ടിട്ടില്ല. അയാളുടെ പതിവു സംസാരത്തിൽ എപ്പോഴും കോപവും, നിരാശയും മാത്രമേയുള്ളൂ....ഇന്നെന്താണോ സ്വരത്തിലിത്രയും സന്തോഷം? വല്ല ലോട്ടറിയും അടിച്ചോ?

ഏയ് അതൊന്നുമല്ല, എന്റെ കൊച്ചുമകളുടെ വിവാഹമായിരുന്നു ഇന്ന്

കൺഗ്രാജുലേഷൻ എന്നിട്ടവരെവിടെ?

ഇവിടെ എന്റെ കൂട്ടത്തിൽ തന്നെയുണ്ട്.

എന്താണ് കൊച്ചുമകളുടെ ഭർത്താവിന്റെ പേര് ?

ക്രിസ്റ്റീന.......

ക്രിസ്റ്റീനയോ, അതൊരു പെൺകുട്ടിയുടെ പേരല്ലേ?

അതെ, പെൺകുട്ടി തന്നെയാണ് അവളെ കല്യാണം കഴിച്ചത്.

ആഹാ....അപ്പോൾ രണ്ടു പെൺകുട്ടികൾ ചേർന്നായിരുന്നു കല്യാണം? മനസ്സിലെ സന്തോഷം പെട്ടെന്ന് നിലച്ചതുപോലെതോന്നി.....ഒന്നും മിണ്ടാനാവാതെ കുറച്ച് സമയം ഫോൺ കയ്യിൽ പിടിച്ചു അറിയാതെ ഇരുന്നു പോയി.....അയാൾ മൂന്നോ നാലോ വിവാഹങ്ങൾ കഴിച്ചു...കുറച്ച് നാൾ ഒരു ഭാര്യയോടൊപ്പം കഴിയുമ്പോൾ ഇവൾ അത്ര പോര എന്ന് തോന്നും, അപ്പോൾ അടുത്ത ആളിനെ തേടി പോവും. ഭാര്യമാരും മോശമാവരുതല്ലോ.... അവരും അടുത്ത ഭർത്താവിനെ തേടി പോയി...എല്ലാവരോടും കോപിക്കുന്നത് കാരണം ആരും അയാളോടൊപ്പം നിൽക്കാതെയായി. അങ്ങനെ ഒടുവിൽ ആരുമില്ലാതെ ഒറ്റയ്ക്ക് കഴിയുകയായിരുന്നു അദ്ദേഹം. കൂട്ടിന് ആകെ ഉണ്ടായിരുന്നത് ഒരേ ഒരു കൊച്ചുമകൾ മാത്രം. ആ കൊച്ചുമകളുടെ വിവാഹം കഴിഞ്ഞതിന്റെ സന്തോഷമാണയാൾക്ക്. ആ സന്തോഷം കണ്ടിട്ട് അയാളോടൊപ്പം സന്തോഷിക്കണെമെന്ന് ഉണ്ടെങ്കിലും കഴിയുന്നില്ല. ഈ നിലയിൽ പോയാൽ ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാദ്ധ്യമോ എന്ന പ്രകൃതി സ്നേഹികളുടെ ഗാനം ഇനി ഒരു തലമുറ തന്നെ ഇവിടെ സാദ്ധ്യമോ എന്ന് തിരുത്തേണ്ടി വരും.ജനാലക്കരികിലൂടെ പുറത്തേയ്ക്ക് നോക്കി റോസും, ഹിബിസ്കസും,ക്രെപ് മിർറ്റിലും, ഹണി സക്കിളും വിരിഞ്ഞു നിൽക്കുന്ന മനോഹരമായ ഉദ്യാനം. പ്രഭാത സൂര്യന്റെ പൊൻകിരണങ്ങൾ പൂവിതളുകളിൽ മാരിവിൽ വർണ്ണങ്ങൾ ചാർത്തുന്നു. ചുറ്റും പാറി നടക്കുന്ന ചിത്രശലഭങ്ങളും, പൂത്തുമ്പികളും അടുത്തുള്ള മരത്തിലെ ചില്ലയിൽ ചാഞ്ചാടി കളിക്കുന്ന ചുവന്ന കുഞ്ഞാറ്റ കിളികൾ പ്രകൃതിയിലാകെ എന്തൊരു ചാരുത...? ഓരോ ദിവസവും അവിടെ വർണങ്ങളുടെയും ഖനികളുടെയും ഉത്സവമാണ്...! മനുഷ്യ ജന്മത്തിൽ മാത്രം എന്താണാവോ ഇത്രയും അസ്വസ്ഥത...? മനുഷ്യന് മാത്രം എന്തേ ഇത്രയും കൺഫ്യൂഷൻ?

പ്രകൃതിയും, ജീവജാലങ്ങളും ദൈവം നൽകിയ കൽപ്പനകൾ അനുസരിക്കുന്നു. ഒരിക്കലെങ്കിലും , ഇന്ന് കിഴക്കുദിക്കുന്നതിന് പകരം പടിഞ്ഞാറുദിക്കണം എന്ന് സൂര്യന് തോന്നിയിരുന്നെങ്കിലോ? തങ്ങളുടെ ഭ്രമണ പഥത്തിൽ നിന്നും മാറി സഞ്ചരിക്കാൻ ഗ്രഹങ്ങൾക്ക് തോന്നിയിരുന്നെങ്കിലോ? എങ്കിൽ , ഈ ഭൂമിയിൽ മനുഷ്യവാസം അസാദ്ധ്യമാവുമായിരുന്നു. സമുദ്രം ദൈവം നൽകിയ അതിരുകൾ ഭേദിച്ച് കവിഞ്ഞൊഴുകിയിരുന്നെങ്കിൽ ഈ ഭൂമി മുഴുവനും ഒരു മഹാപ്രളയമായി മാറിയേനെ..! പ്രകൃതിയിൽ പൂക്കളും, ചെടികളും, പക്ഷികളും,മൃഗങ്ങളും, സൂര്യനും, ചന്ദ്രനും,നക്ഷത്രങ്ങളും സ്വന്തം നിയോഗം തിരിച്ചറിയുന്നു. ദൈവം വച്ച അതിരുകൾ സൂക്ഷിക്കുന്നു. അത് കൊണ്ട് പ്രകൃതിയിൽ എന്നും ഒരു സന്തുലിതാവസ്ഥയുണ്ട്.....മനുഷ്യന്റെ സ്വാർത്ഥതയുടെ കരങ്ങളാണ് പലപ്പോഴും ഈ സന്തുലിതാവസ്ഥ നശിപ്പിക്കുന്നത് എന്നു മാത്രം.

**എന്നാൽ മനുഷ്യനോ?**

ക്രിസ്തു സഭയെ സ്നേഹിച്ചത് പോലെ ഭാര്യയെ സ്നേഹിക്കണം എന്ന കൽപ്പന മറന്നു മരണം വരെ വേർപിരിയില്ല എന്നു ദൈവ മുമ്പാകെ ചെയ്ത സത്യപ്രതിജ്ഞ മറന്നു, അടുത്ത ഭാര്യയെ തേടി പോവുന്ന ഭർത്താവ് അത് പോലെ ഭാര്യയും ഭർത്താവിന് കീഴടങ്ങിയിരിക്കാൻ മനസ്സില്ലാതെ, അടുത്ത ഭർത്താവിനെ തേടി പോവുന്നു. അതിന്റെ ഫലമായി അച്ഛനും അമ്മയും കുഞ്ഞുങ്ങളും ചേർന്ന ദൈവ കല്പിതമായ കുടുംബങ്ങൾക്ക് പകരം പല സ്റ്റെപ് ഫാദർമാരും, സ്റ്റെപ് മദർമാരും ചേർന്ന് ഏച്ച് വെച്ച് തുന്നികൂട്ടിയ ചീട്ടുകൊട്ടാരങ്ങൾ പോലെയുള്ള ആധുനിക കുടുംബങ്ങൾ പലപ്പോഴും അസ്വസ്ഥതയുടെയും, അധാർമ്മികതയുടെയും ഈറ്റില്ലമായി മാറുന്നു. ശരിയായ മാർഗനിർദ്ദേശം നൽകാൻ ആരുമില്ലാതെ കുഞ്ഞുങ്ങൾ അനാഥരെപ്പോലെ വളരുന്നു. ദൈവകല്പനകൾ അന്യംനിന്നു പോവുന്നു. പിഞ്ചു കുഞ്ഞുങ്ങൾ വരെ പീഡിപ്പിക്കപ്പെടുന്നു. കുടുംബം എന്ന സാമ്രാജ്യം തകരുന്നു. തകരുന്ന ഇത്തരം കുടുംബബന്ധങ്ങൾ സമൂഹത്തിന്റെ, രാഷ്ട്രത്തിന്റെ ഭദ്രതയെ തകിടം മറിയ്ക്കുന്നു.

ഓരോ ജന്മവും ദൈവനിയോഗം ആണ്. കാലവും സ്ഥലവും സമയവും മാതാപിതാക്കളെയും ജനനത്തീയതിയും എല്ലാം മുൻകൂട്ടി തീരുമാനിച്ചാണ് ദൈവം മനുഷ്യനെ ഭൂമിയിലേക്ക് അയക്കുന്നത്. എവിടെ, എങ്ങനെ ആരുടെ മകനായി ജനിക്കണം എന്ന് പോലും മനുഷ്യൻ തീരുമാനിക്കുന്നതല്ല, ദൈവത്താൽ തീരുമാനിക്കപ്പെടുന്നതാണ്. ഈ ജീവിതം എനിക്ക് സ്വന്തം, അതുകൊണ്ട് എനിക്കിഷ്ടം വരുന്ന പോലെ ജീവിക്കാം.....എന്നാണ് പലരും ചിന്തിക്കുന്നത്. ഐ ആം ദി മാസ്റ്റർ ഓഫ് മൈ ഫേറ്റ്, ക്യാപ്റ്റൻ ഓഫ് മൈ സോൾ ...... എന്ന മനുഷ്യന്റെ മോഹം വെറും ഒരു വ്യാമോഹം മാത്രമാണ്.

മനുഷ്യന്റെ ജീവിതം അവന് സ്വന്തമാണോ? ഒരിക്കലുമല്ല, അവന്റെ ജീവിതം സൃഷ്ടാവായ ദൈവത്തിന് മാത്രം സ്വന്തം. ദൈവം ഓരോ പ്രത്യേകനിയോഗത്തോടെ ഓരോ, ജീവിതത്തെ പറ്റിയും ദൈവത്തിന് വലിയ പദ്ധതികൾ ഉണ്ട്. പക്ഷേ ആ ദൈവ നിയോഗം തിരിച്ചറിയാത്തത് കൊണ്ടാണ് പലർക്കും ജീവിതത്തിൽ തൃപ്തി ഇല്ലാത്തത്. ദൈവം നൽകിയ ജീവിതത്തിൽ തൃപ്തി ഇല്ലാത്തത് കൊണ്ടാണ് ദൈവം നൽകിയ അതിരുകൾ ഭേദിച്ച് മനുഷ്യൻ മറ്റു പലരും ആവാൻ ശ്രമിക്കുന്നത്. പ്രകൃതിയിലേക്ക് നോക്കൂ..... ഒരു പനിനീർ പൂവ് ദൈവം നൽകിയ ജന്മത്തിൽ പൂർണ്ണമായും സംതൃപ്തയാണ്. അതൊരിക്കലും ഒരു മുല്ല പൂവാകാൻ ശ്രമിക്കാറില്ല. അകലെ ആകാശത്തിൽ വെട്ടി തിളങ്ങുന്ന നക്ഷത്രങ്ങളോട് ആരാധന തോന്നി, ഒരിക്കലും അതൊരു നക്ഷത്രമായി മാറാനുള്ള പാഴ്ശ്രമം നടത്താറില്ല. നീല ജലാശയത്തിൽ വിരിയുന്ന താമര പൂവിന്റെ വിടർന്ന നീർ മിഴികളോട് അസൂയ തോന്നി. അതൊരു താമരയായി മാറാൻ ശ്രമിച്ചാൽ അതിന്റെ ജീവിതം വെറും പരാജയമായിരിക്കും. ഒരു പനിനീർ പൂവായിരിക്കുമ്പോൾ മാത്രമാണ്. ഞെട്ടറ്റ് നിലം പതിക്കും വരെ, ദൈവം നിർമ്മിച്ച അതിരുകൾ അത് മാറ്റുന്നില്ല.

എന്നാൽ മനുഷ്യനോ?

സ്ത്രീയ്ക്ക് ദൈവീകമായി

➡08






**ഷൈജു തോമസ്**
**ഞാറയ്ക്കൽ.**

— — — — — — — — — —

മനുഷ്യന്റെ ജ്ഞാനതൃഷ്ണയ്ക്കും ചോദനകൾക്കും പരിധിയില്ലാതായി മാറികൊണ്ടിരിക്കുകയാണ്. ഇതുവരെ നാം പിൻതുടർന്ന് വന്നതെല്ലാം അന്യമായി മാറി നിലവിലുള്ള ലോകവ്യവസ്ഥിതികൾക്കെല്ലാം മാറ്റം വരുത്തി പുതിയ ഒന്നിലേക്ക് ചുവട് വയ്ക്കാനുള്ള ഒരുക്കത്തിലാണ് ഇന്നത്തെ ലോകം. ഇത് എതിർക്രിസ്തുവിന്റ ആഗോള ഭരണത്തിനുള്ള മുന്നൊരുക്കമാണ് എന്ന് നാം മനസ്സിലാക്കണം. എതിർക്രിസ്തുവിന്റെ ആഗമനം ഏറ്റവും സമീപമായിരിക്കുന്നു എന്നതാണ് മാറുന്ന വ്യവസ്ഥിതിയിലൂടെയുള്ള ലോകചരിത്രം നമ്മെ ത്വരിതപ്പെടുത്തുന്നത്. ലോകത്തെ ആഗോള ഗ്രാമം ആക്കി മാറ്റി, ഏകലോക ഭരണ സമ്പ്രദായത്തിലേക്ക് മാറ്റുവാനുള്ള വ്യഗ്രതയിലാണ് ലോകത്തിലെ സാമ്പത്തിക വിജക്ഷകന്മാരും ശാസ്ത്രജ്ഞരും. വിശുദ്ധ വേദപുസ്തകത്തിൽ പ്രവാചകവര്യന്മാരിലൂടെ ദൈവം അരുളി ചെയ്തതെല്ലാം നിറവേറികൊണ്ടിരിക്കുന്നു. വിശുദ്ധവേദപുസ്തകം ഒരു പ്രവചന ഗ്രന്ഥം കൂടിയാണ്. ഇതിലെ നിവൃത്തീകരിക്കപ്പെട്ട പ്രവചനങ്ങളെല്ലാം ഇന്ന് ചരിത്രത്തിന്റെ താളുകളായി മാറി. അതുപോലെ തന്നെ സമീപഭാവിയിൽ ലോകത്തിൽ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് മനസ്സിലാക്കുവാൻ വേദപുസ്തക പ്രവചനങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന ശാസ്ത്രീയ സത്യങ്ങളെ അപഗ്രഥിച്ച് പഠിക്കുക മാത്രം ചെയ്താൽ ലോകത്തിന്റെ അന്ത്യത്തെക്കുറിച്ചും, അന്ത്യകാല സംഭവങ്ങളെക്കുറിച്ചും സുവ്യക്തമായി വേദപുസ്തക പ്രവചനങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

അതിന്റെ പ്രഥമമായ പടിയായിരുന്നു സോഫിയ എന്ന യന്ത്രമനുഷ്യന് സൗദി പൗരത്വം നൽകി കൊടുത്തത്. സൗദിയിൽ നടന്ന ഫ്യൂച്ചർ ഇൻവെസ്റ്റ്മെന്റ് ഇനിഷ്യേറ്റീവ് കോൺഫ്രൻസിൽ വച്ചാണ് സോഫിയയ്ക്ക് പൗരത്വം നൽകിയത്. ഹാൻസൺ റോബോട്ടിക്സാണ് സോഫിയയുടെ നിർമ്മാതാക്കൾ. ഇതാദ്യമായാണ് ഒരു രാജ്യം റോബോട്ടിന് പൗരത്വം നൽകുന്നത്. അപൂർവ്വമായ ഈ അംഗീകാരത്തിൽ താൻ ഏറെ അഭിമാനിക്കുന്നുവെന്നും പൗരത്വം ലഭിക്കുന്ന ആദ്യ റോബോട്ട് ചരിത്രപരമാണെന്നും സോഫിയ പ്രതികരിച്ചു. ജനങ്ങളോടൊത്ത് ഇടപഴകി അവരിലൊരാലായി തീരണമെന്ന മോഹവും സോഫിയ പങ്കുവച്ചു. മനുഷ്യർക്ക് നല്ല രീതിയിലുള്ള ജീവിതം നയിക്കുന്നതിനാവശ്യമായ കാര്യങ്ങൾക്ക് വേണ്ടി തന്റെ നിർമ്മിത ബുദ്ധി ഉപയോഗിക്കുമെന്നും ഈ ലോകത്തെ മികച്ച ഒരിടമാക്കി മാറ്റാൻ തന്നെകൊണ്ട് സാധിക്കും വിധം പരിശ്രമിക്കുമെന്നും സോഫിയ എന്നമനുഷ്യനിർമ്മിത റോബോർട്ട് പറഞ്ഞു. കൃത്രിമബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി നിർമ്മിച്ച യന്ത്രമനുഷ്യനാണ് സോഫിയ. സംസാരിക്കുവാനും വികാരങ്ങൾ പ്രകടിപ്പിക്കുവാനും കഴിവുള്ള ഹ്യൂമനോയിഡ് റോബോർട്ടാണ് ഇത്. ഹാൻസൺ റോബോട്ടിക്സാണ് സോഫിയയുടെ നിർമ്മാതാക്കൾ. 2015 ഏപ്രിൽ 15 നാണ് സോഫിയ പ്രവർത്തനക്ഷമമായത്. പ്രശസ്ത നടി ഓഡി ഹെപ്ബേണിനെ മാതൃകയാക്കിയാണ് സോഫിയയെ രൂപകൽപ്പന ചെയ്തത്. നിർമ്മാതാക്കളുടെ അറിയിപ്പനുസരിച്ച് സോഫിയയ്ക്ക് കൃത്രിമ ബുദ്ധിയുണ്ട് വിവര വിശകലനത്തിനും മുഖഭാവം തിരിച്ചറിയുന്നതിനുമുള്ള കഴിവുമുണ്ട്. മനുഷ്യരുടെ അംഗചേഷ്ടകൾ അനുകരിക്കാനും ചോദ്യങ്ങൾക്ക് മറുപടി നൽകാനും സാധിക്കുന്നു. ഇതാണ് സോഫിയ എന്ന യന്ത്രമനുഷ്യന്റെ പ്രത്യേകത.

മനുഷ്യരെ അവരുടെ പ്രവർത്തികളിൽ സഹായിക്കുവാൻ നിർമ്മിക്കുന്നതാണ് യന്ത്രമനുഷ്യൻ അഥവാ റോബോർട്ട്.




സ്വന്തമായോ നിർദ്ദേശങ്ങൾ അനുസരിച്ചോ പ്രവർത്തികൾ ചെയ്യാൻ കഴിവുള്ള ഒരു ഇലക്ട്രോ മെക്കാനിക്കൽ ഉപകരണമാണ്. കമ്പ്യൂട്ടർ അല്ലെങ്കിൽ ഇലക്ട്രോണിക് പ്രോഗ്രാമിംഗ് ആണ് റോബോട്ടുകളെ നിയന്ത്രിക്കുന്നത്. പൂർണ്ണമായോ ഭാഗികമായോബാഹ്യനിയന്ത്രണമില്ലാതെ പ്രവർത്തികൾ ചെയ്യാൻ റോബോട്ടുകൾക്ക് സാധിക്കും. റോബോട്ടുകളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ് റോബോട്ടിക്സ്. അമേരിക്കൻ എഴുത്തുകാരനായ ഐസക് അസിമോവാണ് ഈ വാക്ക് ആദ്യംഉപയോഗിച്ചത്. സ്വതന്ത്രമായി ചലിച്ച ആദ്യ റോബോട്ടിന്റെ രൂപം ആമയുടേതാണ്. 1948 ൽ വാൾട്ടൺ ഗ്രേ എന്ന അമേരിക്കകാരനാണ്

➡07





pastor shibu thomas
oklahoma

# യഥാമാതാ തഥാ പുത്രി

“ യഥാമാതാ തഥാ പുത്രി എന്നുള്ള പഴഞ്ചൊല്ല് നിന്നെക്കുറിച്ച് പറയുന്നു.(യെഹസ്ക്കേൽ 16:44)”

മറ്റുള്ളവരെ അനുകരിക്കുക മാനുഷിക സഹജമാണ്. ഇന്നത്തെ യുവതലമുറ അനുകരണപ്രിയരാണ്. പാശ്ചാത്യ സംസ്ക്കാരത്തിന്റെ പല നല്ലതിനെയും മനപൂർവ്വം മറന്നിട്ട് അതിന്റെ പേരിൽ അശ്ലീലത്തിന്റെ കോമാളിത്തരങ്ങളെ ജീവിതത്തിൽ പകർത്തുന്നു. പണസമ്പാദനത്തിനായി കച്ചവടക്കാരന്റെ താളത്തിനൊത്ത് വേഷം കെട്ടേണ്ടി വരുന്ന “ ടെലിവിഷൻ മോഡലുകളെ” സ്വന്തം ജീവിതത്തിൽ പകർത്തുമ്പോൾ നാം അധംപതിക്കുകയല്ലേ. അവരുടെ യഥാർത്ഥ ജീവിതമല്ലല്ലോ നാം കാണുന്നത്. മാതാപിതാക്കൾ എത്രയും സൂക്ഷിക്കേണ്ട ഒരു കാലഘട്ടമാണിത്. തങ്ങളെ സസൂക്ഷ്മം വീക്ഷിക്കുന്ന മക്കളാണ് ചുറ്റും എന്ന കാര്യം വ്യക്തമായി ഗ്രഹിക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കളുടെ സ്വഭാവങ്ങൾ മക്കളിൽ പ്രകടമായ സ്വാധീനം ചെലുത്തുന്നതാണ്. വേദപുസ്തകം പറയുന്നു “ യഥാമാതാ തഥാ പുത്രി ” മാതാവിനെപ്പോലെ തന്നെ മക്കളും.

താഴെ പറയുന്നവ കുറികൊള്ളുക:

ദൈവത്തെ സ്നേഹിക്കുന്നവരുടെ മക്കൾ - ദൈവസ്നേഹികളാകും

ദൈവത്തെ ആരാധിക്കുന്നവരുടെ മക്കൾ - ആരാധനക്കാരാകും.

പ്രാർത്ഥിക്കുന്നവരുടെ മക്കൾ - പ്രാർത്ഥനക്കാരാകും.

മറ്റുള്ളവരെ ബഹുമാനിക്കുന്നവരുടെ മക്കൾ - താഴ്മയുള്ളവരാകും.

ദൈവവേലയ്ക്ക് വേണ്ടി കൊടുക്കുന്നവരുടെ മക്കൾ - അനുഗ്രഹിക്കപ്പെട്ടവരാകും.

സമാധാനമുണ്ടാക്കുന്നവരുടെ മക്കൾ - സമാധാന പ്രിയരാകും.

ദൈവവേല ചെയ്യുന്നവരുടെ മക്കൾ - ദൈവവേലക്കാരാകും.

വിശുദ്ധിയിൽ ജീവിക്കുന്നവരുടെ മക്കൾ - വിശുദ്ധമായി ജീവിക്കും.

ആത്മാവിൽ നിറഞ്ഞവരുടെ മക്കൾ - ആത്മീയ ഫലങ്ങൾ പുറപ്പെടുവിക്കും.

“ മക്കളെ ഓർത്ത് ദൈവത്തിന് ഹിതകരമായ ജീവിതം നയിക്കാം. തലമുറയുടെ ഭാവി ശോഭനമായി തീരട്ടെ.”

പ്രാർത്ഥന

കർത്താവെ ഉത്തമ മാതാപിതാക്കളായിരിപ്പാൻ ഞങ്ങളെ സഹായിക്കേണമേ.....ആമേൻ.

➞06

റോബോട്ടുകളെ ഉണ്ടാക്കിയത്. മനുഷ്യന്റെ രൂപത്തിൽ നിർമ്മിച്ച റോബോട്ടുകളെ ഹ്യൂമനോയ്ഡ് എന്നാണ് വിളിക്കുന്നത്.

സംസാരിക്കുന്ന ആദ്യ യന്ത്ര മനുഷ്യൻ അല്ല സോഫി. ആദ്യമായി പൗരത്വം ലഭിച്ച റോബോട്ട് എന്ന പദവിയാണ് സോഫിയായ്ക്കുള്ളത്. ബഹിരാകാശ യാത്രികരുടെ വിരസത ഒഴിവാക്കാൻ ജപ്പാൻ 2013 ഓഗസ്റ്റിൽ വികസിപ്പിച്ച കിറോബോയാണ് ആദ്യമായി സംസാരിക്കുന്ന യന്ത്ര മനുഷ്യൻ. മുഖത്തെ ഭാവങ്ങൾ തിരിച്ചറിഞ്ഞ് സംസാരിക്കുവാൻ കഴിയുന്ന ഈ റോബോട്ടിന് ബഹിരാകാശ യാത്രികരുടെ ഏകാന്തത നീക്കാൻ കഴിയുമെന്നാണ്വിലയിരുത്തപ്പെട്ടത്. ജാപ്പനീസ് ഭാഷയിൽ സംസാരിക്കാനാണ് ഇതിനെ പരിശീലിപ്പിച്ചത്. തക്കൻ ജപ്പാനിലെ ടെനഗാഷിമ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് 2013 ഓഗസ്റ്റ് 4 -ാം തീയതി ഒരു റോക്കറ്റിൽ കിറോബോ ബഹിരാകശത്തേയ്ക്ക് യാത്രതിരിച്ചത്. ബഹിരാകാശ സ്റ്റേഷനിലേക്ക് വേണ്ട ഒട്ടനവധി വസ്തുക്കളും ഒപ്പമുണ്ടായിരുന്നു. ആദ്യമായാണ് സംസാരിക്കുന്ന റോബോർട്ട് ബഹിരാകാശ സ്റ്റേഷനിലെത്തിയത്. അവിടെ കിറോബോയുടെ പ്രധാന കൂട്ടുകാരൻ ജാപ്പനീസ് ബഹിരാകാശ യാത്രികൻ കോയിച്ചി വകാത ആയിരുന്നു. ടോക്കിയോ യൂണിവേഴ്സിറ്റിയും ടൊയോട്ട, ഡെൻസു കമ്പനികളും സംയുക്തമായി വികസിപ്പിച്ചതാണ് ഈ യന്ത്രമനുഷ്യൻ. ബഹിരാകാശ യാത്രകളിൽ മനുഷ്യരെ സഹായിക്കുകയെന്ന ദൗത്യമാണ് കിറോബോയ്ക്കുണ്ടായത്. ഇതിന് ഇണയായി മിറാറ്റ എന്ന യന്ത്രമനുഷ്യനേയും വികസിപ്പിച്ചെടുത്തു. അന്താരാഷ്ട്ര ബഹിരാകാശ സ്റ്റേഷനിലുള്ള ജാപ്പനീസ് യാത്രികന് കൊയ്ചി വകാചയുമായി കിറാബോ ജാപ്പനീസ് ഭാഷയിൽ ആശയവിനിമയം നടത്തി. ഭൂമിയിലുള്ള എല്ലാവർക്കും സുപ്രഭാതം ഞാൻ കിറാബോ ബഹിരാകാശത്ത് സംസാരിക്കുന്ന ആദ്യയന്ത്ര മനുഷ്യൻ ഇതായിരുന്നു കിറാബോയുടെ ജാപ്പനീസ് ഭാഷയിലുള്ള ബഹാരാകാശത്തെ ആദ്യവാചകം. മനുഷ്യനു യന്ത്രമനുഷ്യനും ഒരുമിച്ച് കഴിയുന്ന ഭാവിലോകത്തെക്കുറിച്ച് തനിക്ക് പ്രതീക്ഷയുണ്ടെന്ന് കിറാബോ അടുത്തിടെ നടന്ന പ്രദർശനത്തിൽ വ്യക്തമാക്കിയിരുന്നു.




ഇതെല്ലാം നമുക്ക് വ്യക്തമാക്കിത്തരുന്നത് വെളിപ്പാട് പുസ്തകം 13-ാം അദ്ധ്യായത്തിൽ അത് മനുഷ്യർ കാൺകെ ആകാശത്ത് നിന്ന് ഭൂമിയിലേക്ക് തീ ഇറങ്ങുമാറ് വലിയ അടയാളങ്ങൾ പ്രവർത്തിക്കുകയും മൃഗത്തിന്റെ മുൻപിൽ പ്രവർത്തിക്കുവാൻ തനിക്ക് ബലം കിട്ടിയ അടയാളങ്ങളെ കൊണ്ട് ഭൂവാസികളെ തെറ്റിക്കുകയും വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിന് പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോട് പറയുകയും ചെയ്യുന്നു. മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയ്ക്ക് ആത്മാവിനെ കൊടുക്കുവാൻ അതിനു ബലം ലഭിച്ചു എന്ന് കാണുന്നു. നാം എതിർക്രിസ്തുവിനെ മൃഗം എന്ന് വിളിക്കുന്നു. അവന്റെ കരങ്ങളാൽ വ്യാപാരങ്ങൾ വർദ്ധിക്കും. എല്ലാ തരത്തിലുമുള്ള ഫാക്ടറികളും വളരെ പ്രവർത്തനോന്മുഖമാകും. ഏകലോക ഗവൺമെന്റും ഏക ലോകനാണയവും നിലവിൽ വന്നതിനാൽ എല്ലായിടത്തും അഭിവൃദ്ധിമാത്രം! നമ്മുടെ പൂർവ്വ പിതാക്കന്മാർക്ക് ചെയ്യാൻ കഴിയാതിരുന്ന പലതും എതിർക്രിസ്തു ചെയ്യും. ഇങ്ങനെയൊക്കെ സംഭവിക്കുന്നതിന് മുന്നോടിയായാണ് ഇന്ന് നടക്കുന്നത്. സംസാരിക്കുന്ന റോബോട്ടുകൾ പറഞ്ഞ വാക്കുകളും അത് ശരി വയ്ക്കുന്നു. എങ്കിൽ വേദപുസ്തക പ്രവചന നിവൃത്തീകരണം പോലെ ഇത് ലോകത്തിന്റെ അന്ത്യനാളുകളിലേക്കും യേശുക്രിസ്തുവിന്റെ വരവിനോടും വളരെ വേഗം അടുത്ത് കൊണ്ടിരിക്കുന്നു. നമുക്ക് അതിനായി ഒരുങ്ങാം.

➡05

ലഭിച്ച സ്ത്രീ ജന്മത്തോട് തൃപ്തിയില്ല, സ്ത്രീയ്ക്ക് പുരുഷനാവണം, പുരുഷനും സ്ത്രീയും. ദൈവം വെച്ച അതിരുകൾ ഭേദിച്ച് പുരുഷന് പുരുഷനെ വിവാഹം ചെയ്യണം...! സ്വയം ആരാണെന്ന് തിരിച്ചറിയാതെ മറ്റെന്തൊക്കെയോ ആവാൻ ശ്രമിക്കുകയാണ് പലരും. അതുപോലെ തന്നെ ഒരു പങ്കാളിയിൽ തൃപ്തിയില്ലാതെ വരുമ്പോൾ അടുത്ത പങ്കാളിയെ തേടി പോകുന്നു. വിവാഹ മോചനങ്ങൾ വർദ്ധിക്കുന്നു. കുടുംബങ്ങൾ തകരുന്നു. എങ്ങും എവിടെയും അസ്വസ്ഥതയും, അരാജകത്വവും, അപസ്വരങ്ങളും മാത്രം ബുദ്ധിമാൻ എന്ന് സ്വയം ചിന്തിക്കുന്ന മനുഷ്യന്റെ ജീവിതം പരാജയമാകുമ്പോൾ പ്രകൃതിയും ജീവജാലങ്ങളും ദൈവം വെച്ച അതിരുകൾക്കുള്ളിൽ സന്തോഷത്തോടെ ഒരു അപസ്വരങ്ങളുമില്ലാതെ ജീവിക്കുന്നു. വല്ലാത്ത വിരോധാഭാസം!

ഏദൻ തോട്ടം മുതൽ മനുഷ്യ ജീവിതത്തിലെ അസ്വസ്ഥതകൾക്ക് കാരണം സൃഷ്ടാവായ ദൈവത്തെയും ദൈവകല്പനകളെയും പാടെ മറക്കുന്നതാണ്. കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുല്തൊട്ടിയെയും അറിയുന്നു. യിസ്രായേലോ അറിയുന്നില്ല. എന്റെ ജനം ഗ്രഹിക്കുന്നതുമില്ല. (യെശ1:3) കാളയും കഴുതയും പോലും സ്വന്തം യജനാനനെ തിരിച്ചറിയുമ്പോൾ തന്റെ സൃഷ്യികളിൽ മനുഷ്യൻ മാത്രം തന്നെ തിരിച്ചറിയുന്നില്ല എന്ന് ദൈവം ദുഖിക്കുന്നു.

പഴയനിയമ യിസ്രായേലിന്റെ ചരിത്രം പഠിക്കുമ്പോൾ അവിടെ ഒരു കാര്യം ശ്രദ്ധനീയമാണ്. ഇസ്രായേൽ മക്കൾ ദൈവ കൽപ്പനകൾ ലംഘിക്കുമ്പോൾ അവരെ ദൈവത്തിലേക്ക് മടക്കി കൊണ്ട് വരുവാൻ ദൈവം അവരെ ജാതികളുടെ കയ്യിൽ ഏല്പിക്കുന്നു. അന്യനാട്ടിൽ പീഡിപ്പിക്കപ്പെടുമ്പോൾ അവർ ദൈവത്തെ ജാഗ്രതയോടെ അന്വേഷിക്കുന്നു. ദൈവ കല്പനകളിലേക്ക് മടങ്ങി വരുന്നു. ദൈവം അവരെ വീണ്ടും സ്വന്തം ദേശത്തേയ്ക്ക് മടക്കി വരുത്തുന്നു. യെഹൂദാ ജനത്തിന്റെ സകല കഷ്ടതകളുടെയും നിദാനം ദൈവ കല്പനകളിൽ നിന്നും മനുഷ്യൻ അകന്ന് പോയതാണ്. ദൈവ കല്പനകളിൽ നിന്നും മനുഷ്യൻ അകന്ന് പോവുമ്പോൾ അതിന്റെ അനന്തര ഫലം ആത്മനാശവും, അരാജകത്വവും, അസ്വസ്ഥതകളും ആയിരിക്കും. അതുകൊണ്ട് തന്നെ പ്രകൃതിയെയും ജീവജാലങ്ങളെയും പോലെ മനുഷ്യനും ദൈവ കല്പനകൾ പാലിക്കണം, സ്വന്തം നിയോഗം തിരിച്ചറിയണം എന്നും ദൈവം ആഗ്രഹിക്കുന്നു. ആകയാൽ നിങ്ങൾ എന്റെ ഈ വചനങ്ങളെ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും സംഗ്രഹിച്ച് നിങ്ങളുടെ കൈമേൽ അടയാളമായി കെട്ടുകയും അവ നിങ്ങളുടെ കണ്ണുകൾക്ക് മദ്ധ്യേ പട്ടമായിരിക്കയും വേണം.(ആവർത്തനം 11 :18)

ദൈവത്തോടുള്ള പൂർണ്ണമായ അനുസരണം അല്ലെങ്കിൽ വിധേയത്വം ദൈവം മനുഷ്യനിൽ നിന്നും പ്രതീക്ഷിക്കുന്നു. ക്രിസ്തുവിനെപ്പോലെ ക്രൂശിലെ മരണത്തോളം ദൈവഹിതം അനുസരിച്ച് ജീവിക്കാൻ ദൈവം മനുഷ്യന് മാതൃക നൽകുന്നു. യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവയ്ക്ക് പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുനന്ത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്.(1ശമുവേൽ 15:22). അനുസരണം യാഗത്തിലും വലുതാണ് എന്ന് ശൗലിനോട് പറയുന്നതും അതുകൊണ്ടാണ് ദൈവ കല്പനകൾ ലംഘിക്കുന്നതിന്റെ അനന്തര ഫലം ആണ്, കുടുംബങ്ങളിലും, സമൂഹത്തിലും ഇന്ന് കാണുന്ന ഈ അസ്വസ്ഥതകൾ. ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനങ്ങളെ എന്റെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു എന്ന് ദാവീദ് രാജാവ് പറയുന്നു. ഒരു ഇടയ ബാലൻ യിസ്രായേലിന്റെ രാജാവാകുവാനുള്ള നിയോഗം നഷ്ടപ്പെടാതിരുന്നതും, സകല യുദ്ധങ്ങളിലും യഹോവ അവന് ജയമ നൽകിയതും ദൈവ കല്പനകൾ ഹൃദയത്തിൽ എന്നും സൂക്ഷിച്ചത് കൊണ്ട് മാത്രമാണ്. ദൈവ കൽപ്പനകൾ അനുസരിക്കാതിരുന്ന ശൗലിനാകട്ടെ രാജസ്ഥാനത്ത് തുടരുവാനുള്ള ദൈവ നിയോഗം നഷ്ടപ്പെടുന്നു. ദൈവ കൽപ്പനകൾ അനുസരിക്കാത്തതിന്റെ ഭവിഷ്യത്ത് കുടുംബങ്ങളിൽ മാത്രമല്ല, സമൂഹത്തിലേക്കും രാഷ്ട്രങ്ങളിലേക്കും വ്യാപിക്കുന്നു. അയൽക്കാരനെ സ്നേഹിക്കാനും ശത്രുവിനോട് ക്ഷമിക്കാനും, ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കാനുമുള്ള ദൈവ കൽപ്പനകൾ സ്വാർത്ഥത നിമിത്തം, സൗകര്യാർത്ഥം ഉപേക്ഷിക്കുമ്പോൾ സമൂഹത്തിൽ കോപവും, പിണക്കവും, വൈരാഗ്യവും വർദ്ധിക്കുന്നു. കുടുംബങ്ങളിൽ സ്വസ്ഥതയില്ല, സമൂഹത്തിൽ സ്വസ്ഥതയില്ല, രാജ്യങ്ങൾ തമ്മിൽ ശത്രുത വർദ്ധിക്കുന്നു. എങ്ങും എവിടെയും അസ്വസ്ഥത.....! ആധുനിക ലോകത്തിന്റെ എല്ലാ അസ്വസ്ഥതയ്ക്കും കാരണം മനുഷ്യൻ ദൈവ കൽപ്പന ലംഘിക്കുന്നതാണ്. ദൈവം വെച്ച അതിരുകൾ സൂക്ഷിക്കുവാൻ ശ്രമിക്കാത്തതാണ്.

എന്നാൽ പ്രകൃതിയിലോ?

പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കും ശാന്തതയ്ക്കും കാരണം പ്രകൃതിയും ജീവജാലങ്ങളും ദൈവം ദൈവം വച്ച അതിരുകളും ദൈവം അവയുടെ ഉള്ളിൽ എഴുതി വെച്ച നിയമങ്ങളും അക്ഷരംപ്രതി അനുസരിക്കുന്നു എന്നത് മാത്രമാണ് അത്കൊണ്ട് തന്നെ എത്ര സുന്ദരമാണീ പ്രകൃതി. വിവിധ വർണ്ണത്തിലുള്ള പൂവുകൾ വിരിഞ്ഞ് നിൽക്കുന്ന ഉദ്യാനത്തിലേക്ക് വീണ്ടും കണ്ണുകൾ കടന്ന് ചെല്ലുന്നു. ദൈവം കനിഞ്ഞ് നൽകിയ മധുവും മണവും വർണ്ണവും സ്വന്തം എന്നോർത്ത് അഹങ്കരിക്കാത പ്രകൃതിയ്ക്കും മനുഷ്യനുമായി പങ്ക് വച്ച് ദിവസത്തിന്റെ അന്ത്യത്തിൽ സഫലമീ യാത്ര എന്ന് മന്ത്രിക്കുന്ന കുഞ്ഞു പൂവുകൾ ......അതെ ഒരു ദിവസം മാത്രമേ ആയുസുള്ളൂ എങ്കിലും ദൈവ കൽപ്പനകൾ പൂർണ്ണമായും അനുസരിച്ച ചാരിതാർത്ഥ്യത്തോടെ ഞെട്ടറ്റ് താഴേക്ക് വീഴുന്ന പനിനീർ പൂവിതളുകൾ.......ദൈവം എവിടെ നട്ടുവോ, അവിടെ പൂവായി, ഖനിയായി ഒരു തണൽ മരമായി പടർന്നു പന്തലിക്കാൻ നോക്കുക.

ദൈവ കൽപ്പന മറുതലിക്കുന്ന മനുഷ്യർ ദൂരെ കാണുന്ന ഏതോ നിയോൺ വിളക്കിന്റെ നൈമിഷികമായ വെള്ളി വെളിച്ചത്തിൽ ആകൃഷ്ടരായി സ്വയം ആത്മഹൂതി ചെയ്യുന്ന ഈയാംപാറ്റകൾക്ക് തുല്യം ആണ്.....! ഓരോ വ്യക്തിയിലും ദൈവം അനന്തമായ സാദ്ധ്യതകളുടെ ഒരു വലിയ നിധി ഒളിപ്പിച്ചിരിക്കുന്നു....ആ നിധി തിരിച്ചറിയുക....സ്വയം കണ്ടെത്തുക. സ്വന്തം കഴിവുകൾ തിരിച്ചറിയാത്തത് കൊണ്ടാണ് അന്യന്റെ കഴിവിൽ അസൂയ തോന്നുന്നത്. ഓരോ ജന്മവും ഓരോ നിയോഗം ആണ്. മനുഷ്യരും പ്രകൃതിയിലെ മറ്റു ജീവജാലങ്ങളെ പോലെ സ്വയം തിരിച്ചറിയുമ്പോൾ, തങ്ങളുടെ ചുമതലകൾ ഏറ്റെടുക്കുമ്പോൾ അവരവരുടെ ഭാഗം ഭംഗിയായി ചെയ്യുമ്പോൾ അവിടെ എന്നും സ്വർഗം ആയിരിക്കും. ഓരോ വ്യക്തികളെയും ഓരോ ചുമതലകൾ ദൈവം ഭരമേല്പ്പിച്ചിരിക്കുന്നു.

ഉദാഹരണമായി ഒരു കുടുംബത്തിൽ ഭാര്യയും, ഭർത്താവും, മാതാപിതാക്കളും, കുഞ്ഞുങ്ങളും വരെ എങ്ങനെ പെരുമാറണം എന്ന് ദൈവവചനെ നിർദ്ദേശങ്ങൾ നൽകുന്നു. അതെ, പോലെ ഒരു സഭയിൽ ഒരു ശുശ്രൂഷകന്റെയും വിശ്വാസികളുടെയും ചുമതലകളെപ്പറ്റി ദൈവവചനം സംസാരിക്കുന്നു. സമൂഹത്തിൽ സ്ത്രീകളോടും അഗതികളോടും പീഡിതരോടുമുള്ള പെരുമാറ്റം എങ്ങനെയാവണംഎന്നും ദൈവവചനത്തിൽ കൃത്യമായ ഉപദേശങ്ങൾ ഉണ്ട്. ചുരുക്കി പറഞ്ഞാൽ കുടുംബത്തിലെയും , സമൂഹത്തിലെയും അപസ്വരങ്ങൾക്കും, അസസ്ഥതകൾക്കും കാരണം ഈ ദൈവ കൽപ്പനകൾ അനുസരിക്കാത്തത് തന്നെയല്ലേ?ദൈവം ഓരോ വ്യക്തികൾക്കും നൽകിയ കൽപ്പനകൾ ഏറ്റെടുക്കുമ്പോൾ സഭ അനുഗ്രഹിക്കപ്പെടും, സമൂഹം അഭിവൃദ്ധിപ്പെടും കുടുംബം സ്വർഗ്ഗം ആയി മാറും. എല്ലാവരും ദൈവം അവരെ ഏൽപ്പിച്ച ദൗത്യം നിർവ്വഹിക്കുമ്പോൾ ഈ ഭൂമി ഉദ്യാനം പോലെ മനോഹരമായി മാറും.

ക്രിസ്തു സഭയെ സ്നേഹിക്കും പോലെ ഭാര്യയെ സ്നേഹിക്കുന്ന ഭർത്താവ്, സഭ ക്രിസ്തുവിനെന്നതുപോലെ ഭർത്താവിനെ സ്നേഹിക്കുന്ന ഭാര്യ, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന കൽപ്പന പോലെ മറ്റുള്ളവരെ സ്നേഹിക്കുന്ന ഒരു സമൂഹം, സഭ ,കുടുംബം ഒക്കെ എത്ര മനോഹരം ആയിരിക്കും! സ്വർഗസ്ഥനായ പിതാവെ, നിന്റെ ഹിതം സ്വർഗത്തിലെ പോലെ ഭൂമിയിലും ആകേണമേ എന്ന് പ്രാർത്ഥിക്കുമ്പോൾ , ഇതാണ് ക്രിസ്തു വിഭാവനം ചെയ്യുന്ന ദൈവരാജ്യം....! അത് തന്നെയാണ് സ്വർഗം....! അതുകൊണ്ട് എന്തു വില കൊടുത്തും ദൈവ കൽപ്പനകൾ അനുസരിക്കാം സ്വർഗം ഭൂമിയിൽ പണിതെടുക്കാം.





# നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ്

എല്ലാവിധ അതിക്രമങ്ങളും തികഞ്ഞിരിക്കുന്ന ലോകത്തിൽ കൂടി ദൈവമക്കളായ നമ്മൾ ജീവിക്കുന്നു. എവിടെ തിരിഞ്ഞാലും അനാത്മീകതയുടെയും അസ്വസ്ഥതകളുടെയും അപസ്വരങ്ങൾ കേൾക്കാം. സ്വർഗ്ഗത്തോളം കുന്നിക്കുന്ന പാപം നിറഞ്ഞിരിക്കുന്ന പട്ടണങ്ങൾ. ദൈവദൂഷണത്തിന്റെ ശബ്ദകോലാഹലങ്ങൾ നിമിത്തം മലിനമായ അന്തരീക്ഷം. ആരേയും മാടിവിളിക്കുന്ന ജഡ മോഹങ്ങളുടെ പര്യപ്പലകകൾ. ഇതിനിടയിൽ കൂടി കടന്ന് പോകുന്ന നമ്മൾ നിത്യതേജസ്സ് നമ്മിൽ വെളിപ്പെടുന്നതിനുള്ള സമയം അടുത്തു എന്ന് ആനുകാലിക രാഷ്ട്രീയ സംഭവങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. യിസ്രായേലിന്റെ മശിഹയെക്കുറിച്ചുള്ള ദാഹം (യോഹ 5:43) അതിന്റെ നിവർത്തിയാണ്. അതായത് കർത്താവായ യേശുവിനെ തിരസ്ക്കരിച്ച അവർ എതിർ ക്രിസ്തുവിനെ സ്വീകരിക്കും. ഇന്ന് യിസ്രായേലിൽ കേൾക്കുന്ന തിളക്കമുള്ള ആവേശം മശിഹാ വരുന്നു എന്നതത്രെ. വചന പ്രകാരം അതിന് മുൻപെ പരിശുദ്ധാത്മ ശക്തിയിൽ നിലകൊള്ളുന്ന ദൈവസഭ എടുക്കപ്പെട്ടിരിക്കും. (2തെസ്സ 2:7) അതായത് ദൈവമക്കളായ നാം തേജസ്സിൽ രൂപാന്തരപ്പെടും. ഇത് അറിയാവുന്ന സാത്താൻ ഉപായത്തിൽ ദൈവമക്കളെ വശീകരിപ്പാൻ ശ്രമിക്കുന്ന ആകർഷണ തരംഗം എവിടെയും ദൃശ്യമാണ്. നമ്മുടെ ശരീരം പൊടിയിൽ നിന്നും എടുത്തതത്രെ. അതായത് ദൈവം പൊടിയിൽ മെനഞ്ഞ രൂപത്തിൽ തന്റെ ശ്വാസം എന്ന ശക്തി ആവാഹിച്ചപ്പോൾ അതു മനുഷ്യനായി അതാണ് മനുഷ്യർക്ക് മൂന്നുഘടകം ഉള്ളത്. ഒന്ന് ആത്മാവ് അഥവാ ദൈവശ്വാസം, രണ്ട് പൊടി അഥവാ ശരീരം, മൂന്ന് പൊടി എന്ന ശരീരവും ആത്മാവെന്ന ദൈവശക്തിയുമായി ബന്ധിക്കപ്പെടുന്നു. ദേഹി എന്ന പാലം ദേഹി എന്നതും ആത്മാവിന്റെ ശരീരത്തിലേക്കുള്ള എക്സ്റ്റൻഷൻ അഥവാ തുടർച്ചയാണ്. അതിനെ നമ്മൾ ചിന്തകൾ, വികാരങ്ങൾ, വിചാരങ്ങൾ, ആഗ്രഹങ്ങൾ തുടങ്ങിയ നാമങ്ങളിൽ അറിയപ്പെടുന്നു. നമ്മിൽ തേജസ്സ്



തോമസ് മാമ്മൻ.

വരുമ്പോൾ പൊടി അഥവാ ശരീരം രൂപാന്തരപ്പെട്ട് തേജസ്സ് പ്രാപിക്കും. അതായത് ദൈവശക്തിയായ ആത്മാവ് തേജസ്സിന്റെ രൂപം പ്രാപിക്കുന്നു. പിന്നീട് ദേഹി എന്ന എക്സ്റ്റൻഷന്റെ ആവശ്യമില്ല. ഇപ്പോൾ ഈ ദേഹി എന്ന പാലം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് തികച്ചും സ്വതന്ത്രമായാണ്. അതിനാലാണ് നന്മ തിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന് പറയുന്നത്. അതായത് തിന്നുകയോ തിന്നാതിരിക്കുകയോ ചെയ്യാം എന്ന് അർത്ഥം ആ സ്ഥാനത്താണ് തിന്മയുടെ ശക്തിയായ സാത്താൻ പ്രവർത്തിച്ചതും പ്രവർത്തിക്കുന്നതും. (ഉല്പത്തി 3:6). തൻ നിമിത്തം ആത്മീയ മരണം സംഭവിക്കുകയും ശരീരത്തിൽ ജീവിക്കുകയും ചെയ്തു. ഇതുപോലെ ഇന്നും സാത്താൻ ദൈവമക്കളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നാം തേജസ്സ് പ്രാപിക്കുന്നതിനുള്ള സമയം വളരെ അടുത്ത് എന്ന് അറിയാവുന്ന സാത്താൻ നമ്മുടെ മനസ്സിലേക്ക് ലോകം എന്ന വൃക്ഷഫലം സദാകടത്തിവിടുന്നു. നാം ഈ ലോകത്തിൽ ജീവിക്കാനുള്ളവരല്ലാ, ഈ ലോകത്തിൽ കൂടി ജീവിക്കാനുള്ളവരാണ്(1പത്രോസ് 2:11). അതായത് നമ്മുടെ ജീവിതം ഒരു ആത്മീയ യാത്രയാണ്. അതിനാൽ ദൈവപ്രസാദം ഇല്ലാത്ത എന്നു വച്ചാൽ ദൈവവചനത്തിന് അനുസരണമല്ലാത്ത ഒരു ജീവിത രീതികളും നമുക്ക് അനുവദനീയമല്ല. ധാരാളം മാദ്ധ്യമങ്ങൾ നമ്മൾക്കും കൈകാര്യം ചെയ്യുന്നതിന് ഉണ്ട്. അതൊന്നും നമ്മുടെ ദേഹിയുടെ ശ്രദ്ധ ഒരു പരിധിക്കപ്പുറം പിടിച്ച് പറ്റാൻ പാടില്ലാത്തതാകുന്നു. ഇതിന്റെ ശരിയായ ഉദാഹരണം സംഖ്യാപുസ്തകം 32 -ാം അദ്ധ്യായത്തിൽ കാണാവുന്നതാണ്. യിസ്രായേൽ മക്കളുടെ നാൽപ്പത് വർഷത്തെ പ്രവാസം ഏതാണ്ട് തീരുവാൻ പോകുന്ന സമയം മോശയ്ക്ക് അവശേഷിച്ചിരുന്ന ദൗത്യം മിദ്യാന്യരോട് പ്രതികാരം നടത്തുക വഴിതിരിഞ്ഞ പ്രവാചകനായ ബിലെയാമിനെ നിഗ്രഹിക്കുക. (സംഖ്യ 31-ാം അദ്ധ്യായം) തുടർന്ന് യോശുവയ്ക്ക് അധികാരം കൊടുത്ത് താൻ തന്റെ ജനത്തോട് ചേരുക എന്നതാണ്. യോശുവയും അതിന് തയ്യാറായി. അവർക്ക് മറുകര കടക്കുവാനുള്ള യോർദ്ദാൻ നദി നിറഞ്ഞൊഴുകുന്ന ആരവവും കേൾക്കാം. ഈ അവസരത്തിൽ ഗാദ്യരും മോശയുടെയും പുരോഹിതന്മാരുടെയും അടുക്കൽ ചെന്ന് ഒരു അപേക്ഷ സമർപ്പിക്കുന്നു. ഗിലെയാദിലും യാസേർ ദേശത്തിലും ധാരാളം പുല്മേടുകൾ ഉള്ളതിനാൽ തങ്ങൾക്കുള്ള ആടുമാടുകളുമായി ഞങ്ങൾ ഇവിടെ കഴിഞ്ഞ് കൊള്ളാം. ഞങ്ങളെ വാഗ്ദത്ത നാട്ടിൽ വരുവാൻ നിർബന്ധിക്കരുത് എന്ന്. മോശ അവരെ കഠിനമായി ശാസിച്ചു. നിങ്ങളുടെ പിതാക്കന്മാർ ഇതേ പ്രവർത്തി ചെയ്തതിന്റെ പരിണിതഫലമാണ് 40 വർഷക്കാലം മരുഭൂമിയിൽ ഉഴന്നത് എന്ന്. ഈ മരുഭൂയാത്രയിൽ അവർക്ക് ലഭിച്ച മൃഗസമ്പത്തുകൾ ദൈവത്തിന്റെ ദാനം ആയിരുന്നു എന്നും ഗിലെയാദ് യാസ്സേർ ദേശങ്ങളിലെ പുല്മേടുകൾ ഏതു സമയത്തും ഉണങ്ങിക്കരിയുവാൻ സാദ്ധ്യത ഉണ്ടെന്നും അവർ ചിന്തിച്ചില്ല. ഇതുപോലെ ദൈവമക്കളുടെ അനുദിന ജീവിതത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാവിധ നന്മകളും കൃപാദാനം മാത്രമാണെന്നും എപ്പോൾ വേണമെങ്കിലും അത് നഷ്ടപ്പെടാൻ സാദ്ധ്യത ഉണ്ടെന്നും ഉള്ള ചിന്ത നമ്മെ എപ്പോഴും ധരിച്ചിരിക്കണം. അല്ലെങ്കിൽ ലോകമയത്വം നമ്മുടെ ആത്മീയ ഔന്നതും എന്ന ക്ലാരിറ്റി നഷ്ടപ്പെടുത്തും. അതുണ്ടായാൽ കാഹളം കേൾക്കയില്ല. അതായത് ശരീരം രൂപാന്തരപ്പെടുകയില്ല. അതിനാൽ നമ്മുടെ ആത്മീയ മനുഷ്യനിൽ ലോകത്തിന്റെ ഒരു പൊടിപടലവും പറ്റിപ്പിടിക്കാതിരിപ്പാൻ വളരെ ശ്രദ്ധിക്കണം. എങ്കിൽ താമസംവിനാ നമ്മിൽ തേജസ്സ് വെളിപ്പെടും. അഥവാ നാം രൂപാന്തരപ്പെടും.

# ധരിച്ചിരിക്കുന്ന വസ്ത്രം നിമിത്തം കർത്താവ് നമ്മെ സന്ദർശിക്കും.

**Pastor Santhosh Perumkuzy**



ദൈവസഭയ്ക്ക് വിശുദ്ധിയുടെ മൂല്യം നഷ്ടപ്പെടുന്നത് പാപം ചെയ്യുന്നവരെ കൊണ്ട് മാത്രം ആയിരിക്കില്ല. മറിച്ച് പാപം ചെയ്യുന്നത് കണ്ടിട്ടും അതിനോട് പ്രതികരിക്കാത്തവരെ കൊണ്ടായിരിക്കും. വിശുദ്ദി നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന വിശ്വാസ സമൂഹത്തിൽ പലതും കണ്ടില്ലെന്ന് നടിക്കുമ്പോൾ നാം ഒന്ന് ഓർക്കണം വിശ്വാസിയും, അവിശ്വാസിയും, വിശുദ്ധരും, അശുദ്ധരും തമ്മിലുള്ള വ്യത്യാസം എന്താണ്.?

ഇന്ന് സഭാ ഹാളിൽ ഏത് അശുദ്ധനും പാപിക്കും കടന്ന് വരാം. എന്നാൽ ദൈവ സഭയിൽ എല്ലാവർക്കും കടന്ന് വരുവാൻ സാധ്യമല്ല എന്നതാണ് സത്യം കാരണം സഭയുടെ വാതിൽ യേശുക്രിസ്തുവാണ്. വാതിൽ ക്രിസ്തു ആകുമ്പോൾ അതിൽ കൂടി കടക്കുവാൻ യേശുക്രിസ്തുവിനെ യോജിക്കുന്ന അളവുള്ളതായിരിക്കണം. നോഹ പെട്ടകം പണിതു പെട്ടകത്തിന് വാതിലും പണിതു പക്ഷേ അളവ് ദൈവത്തിന്റേതായിരുന്നു. ദൈവത്തിന്റെ അളവ് പ്രകാരം വാതില് പണിതത് കൊണ്ടാണ് നിശ്ചയിക്കപ്പെട്ട മൃഗജാതികൾ ദൈവ കല്പന അനുസരിച്ച് പെട്ടകത്തിൽ കയറിയത്. മൃഗങ്ങളെ ഒന്നും നോഹ ഒന്നും പിടിച്ച് കൊണ്ട് വന്നതല്ല, അവയെ ദൈവം നടത്തി കൊണ്ടുവന്നു എന്നു വേണം ചിന്തിക്കാൻ.

ദൈവസഭയുടെ വാതിൽ ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവാണ്(യോഹന്നാൻ10:9) ഞാൻ വാതിൽ ആകുന്നു എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും. ഇതാണ് സത്യം, ഇതാണ് സത്യവചനം, ഇതായിരിക്കണം ദൈവസഭയുടെ ആപ്തവാക്യം. എന്നാൽ ഇന്ന് ഇതിന്റെ ആവശ്യമില്ല എന്ന് ചിന്തിക്കുന്ന പുത്തൻ തലമുറ സഭയിൽ ആളെ കൂട്ടാൻ ഉത്സാഹം കാണിക്കുന്നത് കാണാം. ഇതാണ് ദൈവസഭയുടെ ഇന്നത്തെ വലിയ ദുരന്തം. എങ്ങനെയും ആളെക്കൂട്ടി മെഗാചർച്ച് ഉണ്ടാകുവാനുള്ള തത്രപ്പാടിലാണ്. അതിനുവേണ്ടി വാതിൽ പൊളിച്ചു മാറ്റി ഏവരെയും ഉള്ളിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നു വചനം പറയുന്നു. (മത്തായി 7:13,14) ഇടുക്കുവാതിലിലൂടെ അകത്ത് കടപ്പിൻ. നാസത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത് അത് കണ്ടെത്തുന്നവർ ചുരുക്കമത്രെ.

വാതിൽ വിശാലമാകുമ്പോൾ ലോകരെ കൊണ്ട് നിറയുന്നു. ഈ ജഡീകരെ സഭയിൽ നിലനിർത്തണമെങ്കിൽ ലോകത്തിലുള്ളത് കൂടുതൽ കൊടുക്കണം. ചുരുക്കി പറഞ്ഞാൽ ലോകം സഭയ്ക്കുള്ളിലാകണം. കടന്ന് വരുന്ന ജനത്തെ വിശുദ്ധിയിലും വേർപാടിലും വളർത്താനും വിശുദ്ധിയിൽ നിത്യതയ്ക്കൊരുക്കാനുമുള്ള ഒരു പരിശ്രമമോ, പഠനമോ, പഠിപ്പിക്കലുകളോ ഇല്ല എന്നത് യാഥാർത്ഥ്യം തന്നെ. സഭയിൽ നിത്യതയെക്കുറിച്ച് ചിന്തയുള്ളവർ ഉണ്ടെങ്കിൽ അവർ നിരാശപ്പെടേണ്ട അവസ്ഥയാണ്. സഭയിൽ കടന്ന് വരുന്ന ജനത്തെ നിത്യതയ്ക്ക് വേണ്ടി ഒരുക്കുന്നതാണെങ്കിൽ കൃത്യമായ വിശുദ്ധിയെക്കുറിച്ചുള്ള പഠനവും, ഉപദേശവും, ശാസനയും, ശിക്ഷണവും ഉണ്ടാകും. ഇന്ന് ഇതെല്ലാം അന്യം നിന്ന് പോയിരിക്കുന്നു.

നിത്യയെക്കുറി ലക്ഷ്യബോധമില്ലാതെ സഭയ്ക്കുള്ളിൽ എന്തുമാകാം എന്ന അവസ്ഥയിലേക്ക് എത്തിച്ചേർന്നു.

ആരാധനയ്ക്ക് പോലും ചട്ടങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ള ദൈവവചനത്തെ ലലേശം അവഗണയമാക്കാതെ(എബ്രാ 9:1) എന്നാൽ ആദ്യ നിയമത്തിനും ആരാധനയ്ക്കുമുള്ള ചട്ടങ്ങളും ലൗകികമായ വിശുദ്ധമന്ദിരവും ഉണ്ടായിരുന്നു. എങ്ങനെയും ആരാധിക്കാം ഏതു ഭാവത്തിലും സഭയ്ക്കുള്ളിൽ കടന്ന് വരാം. വേഷത്തിൽ മാന്യതയില്ല, ഭാഷയിൽ സൗമ്യതയില്ല, ഭാവത്തിൽ മര്യാദയില്ല, സമയക്രമം പാലിക്കാറില്ല, തോന്നുമ്പോൾ വരും, ആശിർവാദത്തിന് മുമ്പ് ഇറങ്ങിപ്പോകും കുത്തഴിഞ്ഞ പുസ്തകം പോലെയാണ്. വേഷ വിധാനത്തിൽ എറെ അപഹാസ്യമാകുന്നത് സ്ത്രീകളാണ് അതിൽ കൊച്ചു പെൺകുഞ്ഞുങ്ങൾ മുതൽ പ്രായമായവർ വരെ. തങ്ങൾ ധരിക്കുന്ന വസ്ത്രങ്ങളെക്കുറിച്ച് അവരവർക്കു തന്നെ സ്വയം അവബോധമില്ലെങ്കിൽ പോലും തങ്ങളുടെ ഭർത്താക്കന്മാർക്കോ, മാതാപിതാക്കൾക്കോ ന്യായമായ ബോധം ഉണ്ടാകുന്നത് നല്ലതാണ്. ജാതികളെയും സിനിമാ സീരിയലുകളിലെ നടിനടന്മാരെ അനുകരിച്ച് അനുധാവനം ചെയ്യുന്നവരെയാണ് ഇന്ന് സഭയ്ക്കുള്ളിൽ അധികവും ആരാധനയ്ക്ക് പോകുന്ന ദൈവജനത്തെ അവരുടെ വേഷം കൊണ്ട് തിരിച്ചറിഞ്ഞിരുന്ന ഒരു കാലം നമുക്ക് ഉണ്ടായിരുന്നു. എന്നാൽ ഇന്നത്തെ അവസ്ഥ വളരെ ശോചനീയം. പ്രദർശന മേളയിൽ ചിലതിനെ പ്രദർശിപ്പിക്കാനും ചിലരെ പ്രസാദിപ്പിക്കാനും ഉള്ള ഒരു കൂത്തരങ്ങായി മാറി കഴിഞ്ഞോ? എന്ന സംശയം......നാം ഉൾകൊള്ളുന്ന സമൂഹത്തിലെ ഇതര മതസ്ഥരും, ഭരണാധികാരികളും, അക്രൈസ്തവരുമായ വിലയും, നിലയും ഉള്ള സഹോദര സഹോദരിമാരുടെ പ്രസ്താവനകളും പ്രതിഷേധങ്ങളും, നാം കേൾക്കുകയും കാണുകയും ചെയ്ത് കൊണ്ടിരിക്കുന്നവരാണ്. ദേവാലയങ്ങളിലും, പള്ളികളിലും, ക്ഷേത്രങ്ങളിലും, സ്ത്രീകൾ മാന്യമായ വസ്ത്രം ധരിക്കണം എന്ന വസ്തുത.

അടി വസ്ത്രം ഭാഷനാക്കി നടക്കുന്ന സഹോദരിമാർ സമൂഹത്തിലും സഭകളിലും സർവ്വസാധാരണമായി കണ്ടുവരുന്നു. കിടപ്പ് മുറിയിലിടുന്ന വസ്ത്രം പോലും ഫാഷൻ എന്ന പേരിൽ നിരത്തുകളിലും സഭകളിലും നിരനിരയായി ധരിച്ചിറങ്ങുന്നു. ഹൈന്ദവ സംസ്കാരം പൂർണ്ണമായും ഉൾകൊണ്ട് ജീവിതം നയിക്കുന്ന ഒരു മാന്യ സഹോദരി ഉൾകൊണ്ട് ജീവിതം നയിക്കുന്ന ഒരു മാന്യ സഹോദരി ലക്ഷ്മി തമ്പുരാട്ടി എഴുതിയ ഒരു ലേഖനത്തിലെ പ്രസക്തഭാഗം ഉൾക്കൊള്ളിച്ചു കൊള്ളട്ടെ (09/01/2013 കലാകൗമുദി) യൂറോപ്പിലെ നവോത്ഥാന കാലഘട്ടത്തിൽ ലെഗിൻസിന് സമാനമായ ചില വസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നതായി ചരിത്ര പരാമർശങ്ങളുണ്ട്. ലോകമഹായുദ്ധ കാലങ്ങളിൽ തുകൽ, കമ്പിളി എന്നിവയെ കൊണ്ടു നിർമ്മിച്ച ഇടുങ്ങിയ വസ്ത്രങ്ങൾക്ക് പ്രചാരമുണ്ടായിരുന്നു.

എഴുപതുകളിൽ പട്രീഷ്യ ഫീൽഡ് മോഡേൺ എന്ന വ്യക്തി ലെഗിൻസ് രൂപകൽപ്പന ചെയ്തു. അവർ സെക്സ് ആന്റ് സിറ്റി എന്ന സിനിമ സീക്കൻസിന്റെ വസ്ത്രാലങ്കാര വിദഗ്ധ എന്ന നിലയിൽ എമ്മി അവാർഡ് നേടിയ അമേരിക്കൻ ഫാഷൻ ഡിസൈനറാണ്. അവർ നൂറ് ശതമാനവും ലൈംഗിക ഉത്തേജക വസ്ത്രം എന്ന ആശയത്തിൽ നിന്നു കൊണ്ടാവിഷ്കരിച്ചതാണ് ലെഗിൻസ്.

തുടരും

# അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ ജനുവരി 23 മുതൽ 28 വരെ പുനലൂർ എ.ജി ഗ്രൗണ്ടിൽ നടക്കും. ജനുവരി 23 ന് വൈകിട്ട് 6 മണിക്ക് നടക്കുന്ന പ്രാരംഭ സമ്മേളനത്തിൽ സഭാ സൂപ്രണ്ട് പാസ്റ്റർ ടി.ജെ സാമുവേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ചൊവ്വാ മുതൽ ശനി വരെ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന പൊതുയോഗങ്ങളിൽ അഭിഷിക്തന്മാരായ ദൈവദാസന്മാർ പ്രസംഗിക്കും. ജനറൽ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി സൂപ്രണ്ട് ടി.ജെ. സാമുവേൽ ചെയർമാനായും ട്രഷറർ പാസ്റ്റർ എ.രാജൻ ജനറൽ കോർഡിനേറ്ററുമായി വിപുലമായ കമ്മറ്റിയെ പ്രസ്ബിറ്ററി ചുമതലപ്പെടുത്തി. എ.ജി ക്വയർ ആണ് സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത്.

ജനുവരി 24,25 ദിവസങ്ങളിൽ ശുശ്രൂഷകസമ്മേളനം രാവിലെ 9 മുതൽ വൈകിട്ട് 5 വരെ നടക്കും. വെള്ളി രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 മണി വരെ മിഷൻ സമ്മേളനവും ഉച്ചയ്ക്ക് 2 മുതൽ വൈകിട്ട് 5 വരെ പൂർണ്ണസമയ ശുശ്രൂഷകരായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഓർഡിനേഷൻ നൽകുന്നതിനുള്ള പ്രത്യേക യോഗവും നടക്കും. 27 ശനി രാവിലെ 9 മുതൽ 1 വരെ സണ്ടേ സ്കൂൾ സമ്മേളനവും ഉച്ചയ്ക്ക് 2 മുതൽ 4 വരെ സി.എ (യുവജന) സമ്മേളനവും നടക്കും.

28 ന് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടക്കുന്ന



സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും. തൃശൂർ മുതൽ തിരുവനന്തപുരം വരെയുള്ള 8 ജില്ലകളിൽ നിന്നായി 15000 ത്തിലധികം പേർ സംയുക്ത സഭായോഗത്തിൽ സംബന്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജനറൽ കൺവൻഷന്റെ ആഴ്ചയിൽ പ്രാദേശിക സഭകളിൽ യോഗങ്ങളിൽ ക്രമീകരിക്കരുതെന്നും മുഴുവൻ സഭാംഗങ്ങളും ഈ കുടുംബസംഗമത്തിൽ സംഗമിക്കണമെന്നും സൂപ്രണ്ടും കൺവൻഷൻ കമ്മറ്റി ചെയർമാനുമായ പാസ്റ്റർ ടി.ജെ സാമുവേലും സഭാ ട്രഷററും കൺവൻഷൻ ജനറൽ കോർഡിനേറ്ററുമായ പാസ്റ്റർ എ രാജനും അഭ്യർത്ഥിച്ചിട്ടുണ്ട്.

## പെന്തക്കോസ്ത് മിഷൻ അന്തർദേശീയ യുവജന ക്യാമ്പ് ചെന്നൈയിൽ

**ചെന്നൈ:** പെന്തക്കോസ്ത് മിഷൻ സഭയുടെ അന്തർദേശീയ യുവജന ക്യാമ്പ് നവംബർ23 മുതൽ 26 വരെ ചെന്നൈ ഇരുമ്പല്ലിയൂർ കൺവൻഷൻ സെന്ററിൽ നടക്കും. സിലേൺ, മലേഷ്യ, ഓസ്ട്രേലിയ, അമേരിക്ക,ദുബായ് തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള 25000 ൽ പരം യുവതീ യുവാക്കൾക്യാമ്പിൽ പങ്കെടുക്കും. സ്വർഗീയ വിളി എന്നതാണ് ക്യാമ്പിന്റെ ചിന്താ വിഷയം.

## കരിയംപ്ലാവ് കൺവൻഷൻ ജനുവരി 8 മുതൽ 15 വരെ.

**കരിയംപ്ലാവ്:** ഡബ്ല്യുഎംഇ സഭകളുടെ 69 – ാമതു ജനറൽ കൺവൻഷൻ ജനുവരി 8 മുതൽ 15 വരെ കരിയംപ്ലാവ് ഹെബ്രോൻ സ്റ്റേഡിയത്തിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ ഒ.എം രാജുകുട്ടിയുടെ അധ്യക്ഷതയിൽ നാഷണൽ പ്രസ്ബിറ്ററിയുടെയും ജനറൽ കൗൺസിലിന്റെയും സംയുക്തയോഗം ഒരുക്കങ്ങൾ വിലയിരുത്തി. 1948–ൽ ചെറിയതോതിൽ ആരംഭിച്ച കരിയംപ്ലാവ് കൺവൻഷൻ ഇത്രത്തോളം വളരാൻ സഹായിച്ച ദൈവത്തിന് സ്തോത്രങ്ങൾ അർപ്പിച്ചു.കൺവൻഷൻ സ്ഥിരസ്റ്റേജിന്റെയും വാട്ടർ ടാങ്കിന്റെയും നിർമ്മാണം നടന്ന് വരുന്നു. ഒരു സമയത്ത് അഞ്ഞൂറു പേർക്ക് ഇരുന്നു കഴിക്കാവുന്ന ഭക്ഷണശാലയിൽ കൺവൻഷനിൽ സംബന്ധിക്കുന്ന മുഴുവൻ വിശ്വാസികൾക്കും ഉച്ചയ്ക്കും വൈകിട്ടും ഭക്ഷണം നൽകും.

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ ജനുവരി 22 മുതൽ 28 വരെ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 95 -ാമത് കൺവൻഷൻ 2018 ജനുവരി 22 മുതൽ 28 വരെ തിരുവല്ല രാമൻചിറയിലുള്ള സ്റ്റേഡിയത്തിൽ നടക്കും. സ്വദേശത്തും വിദേശത്തുമുള്ള അനേകം ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. പാസ്റ്റർ വൈ.ജോസിന്റെ നേതൃത്തിൽ കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിക്കും.ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ (റോമർ 12:11) എന്നതാണ് ചിന്താവിഷയം. 2017 സെപ്റ്റംബർ 27 മുതൽ 2018 ജനുവരി 15 വരെ കൺവൻഷന്റെ അനുഗ്രഹത്തിനായി ഉപവസിച്ച് പ്രാർത്ഥിക്കുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെയുത്തിയിട്ടുണ്ട്. എല്ലാ കൺവൻഷൻ കൺവീനർമാരും കമ്മറ്റി അംഗങ്ങളും ജനറൽ കൺവൻഷന്റെ പ്രഥമ ദിവസം മുതൽ സമാപന ദിവസം വരെ നിർബന്ധമായും കൺവൻഷനിൽ പങ്കെടുക്കണമെന്ന് സ്റ്റേറ്റ് ഓവർസിയർ ഓർമ്മിപ്പിച്ചു. ജനുവരി 15 മുതൽ കൺവൻഷൻ സ്റ്റേഡിയത്തിൽ ഉപവാസ പ്രാർത്ഥന നടക്കും. പാസ്റ്റർമാരായ ജെ.ജോസഫ്, വൈ. റെജി, ജോൺസൺ ദാനിയേൽ എന്നിവർ നേതൃത്വം നല്കും.











# ക്രിസ്തുമസ്: ക്രിസ്തു നമ്മുടെ ഉള്ളിൽ ഉരുവാകട്ടെ...

**Pr. SHIBU T. GEORGE,**
M.A., B.D., M.Th., B.L.I.S.,
(Kulathupuzha Shibu)

ഒരു ഡിസംബർ വന്നണഞ്ഞു. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം പ്രഖ്യാപിച്ചു കൊണ്ട് വാനിൽ മാലാഖമാരും സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘവും ഗീതം പൊഴിച്ച ആ തണുത്ത രാത്രിയുടെ ഓർമ്മ ഉണർത്തുന്ന ദിനങ്ങൾ... ആട്ടിടയരോടു ദൂതൻ പറഞ്ഞു: "സർവ്വജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. ക്രിസ്തു എന്ന രക്ഷിതാവു ലോകത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു." (ലൂക്കോസ് 2:8-14).

നമ്മുടെ നാട്ടിൽ നടക്കുന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ എല്ലാ സന്തോഷവും പുറമേ നിന്നും വിലകൊടുത്തു വാങ്ങി കൊണ്ടുവരുന്നതായിട്ടാണു നാം കണ്ടുവരുന്നത്. ദൂതൻ അരുളിച്ചെയ്ത മഹാസന്തോഷം തിരിച്ചറിയാൻ കഴിയുന്നില്ല. ജീവിത തിരക്കു കൊണ്ടു ജീവിക്കാൻ തന്നെ മറന്നു പോകുന്ന പലരും അതിനു മെനക്കെടാറുമില്ല. പണം കൊടുത്താൽ കിട്ടാത്തതല്ലല്ലോ സന്തോഷം എന്നു കരുതി അതിനായുള്ള പരക്കം പാച്ചിലിലാണു (Rat Race) മനുഷ്യർ. പക്ഷേ, സന്തോഷവും ആനന്ദവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഒരു കൊച്ചു കുട്ടിക്ക് ഒരു പുത്തനുടുപ്പു വാങ്ങിക്കൊടുത്താൽ ആ കുട്ടി സന്തോഷവതിയാകുന്നു. അതിട്ടു കൊണ്ടു വലിയ സന്തോഷത്തോടെ സ്കൂളിൽ പോകുന്നു.

അതിനേക്കാൾ നല്ല വേറെ ഒരു ഉടുപ്പുമായി വന്ന മറ്റൊരു കുട്ടിയെ കാണുമ്പോൾ വീട്ടിൽ നിന്നുമിറങ്ങുമ്പോഴുള്ള സന്തോഷം തീരുന്നു. ഇങ്ങനെ പുറമേ നിന്നും കൊണ്ടുവരാൻ കഴിയുന്നതാണു സന്തോഷം. അതു താൽക്കാലികമാണ്. നൈമിഷികമാണ്. അല്പനേരത്തേക്കു മാത്രമേ അതിനു നിലനില്പുള്ളൂ. പക്ഷേ, ആനന്ദം ഉള്ളിൽ തന്നെ ഉണ്ടാകുന്നതാണ്. അത് ഒരു തിരിച്ചറിവാണ്. അതു ഹൃദയത്തിന്റെ അന്തർഭാഗത്തു പൊട്ടിമുളക്കുന്നതാണ്. അതു തനിയേ നിറഞ്ഞു തുളുമ്പുന്നു. അതാണു ക്രിസ്തു ജനിച്ചത് അറിയിച്ച ദൂതൻ പരാമർശിച്ച 'മഹാസന്തോഷം.'

ധന്യനായ പൗലോസ് പറയുന്നു: "എന്റെ കുഞ്ഞുങ്ങളേ, ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം ഞാൻ പിന്നെയും പ്രസവവേദനപ്പെടുന്നു." (ഗലാത്യർ: 4:19.) മൂലഭാഷയായ ഗ്രീക്കിൽ 'ഓഡിനോ' എന്ന വാക്കാണ് ഒരു ശിശു ജനിക്കുമ്പോഴുള്ള വേദന (the pains of child-birth) എന്നതിന് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. യോഹന്നാൻ എഴുതുന്നതു പോലെ, 'എന്റെ കുഞ്ഞുങ്ങളേ' എന്നാണു ഗലാത്യയിലെ തന്റെ ശിഷ്യസമൂഹത്തെ പൗലോസ് വിളിക്കുന്നത്. പിതൃതുല്യമായ വാത്സല്യത്തേക്കാൾ, ഒരമ്മയുടെ മാതൃനിർവിശേഷമായ നൈർമ്മല്യമാർന്ന സ്നേഹം ഈ വാക്കുകൾ ചുരത്തുന്നു. "ക്രിസ്തുവിൽ നിന്നും വേർപെട്ടുപോയി, കൃപയിൽ നിന്നും വീണു പോയി" (ഗല. 5:4) എന്നു പിന്നീടു പൗലോസ് സങ്കടപ്പെടുന്നുമുണ്ട്. അങ്ങനെ കൃപയിൽ നിന്നും വീണു പോകാതിരിപ്പാൻ അതിയായി ആഗ്രഹിക്കുന്ന ഒരു ഇടയന്റെ മനോഭാവമാണ് ഈ വാക്കുകളിൽ. അതിലുള്ള തീവ്രമായ ഹൃദയവേദനയെ കുറിക്കുകയാണു പൗലോസ്. അടുത്ത വാക്യത്തിൽ (ഗലാത്യർ:4:20)സാമീപ്യവും ആഗ്രഹിക്കുന്നു. ഇവിടെ ഒരു രണ്ടാം ജനനം; ക്രിസ്തു ഉള്ളിൽ ഉരുവാകുന്ന ആത്മികമായ ജനനം ഹൃദയാന്തരത്തിൽ നടക്കുന്നതിനെയാണ് അപ്പോസ്തലൻ കാംക്ഷിക്കുന്നത്. ഒരോ അമ്മയും ഒരോ ശിശുവും ഉരുവായപ്പോൾ വേദനിച്ചതുപോലെ ഒരനുഭവമാണ് ഇവിടെ വർണ്ണിക്കുന്നത്; തീവ്രമായ വേദനയാണ് ഒരോ അമ്മയും തന്റെ കുഞ്ഞിനു ജന്മം നൽകുമ്പോൾ അനുഭവിക്കുന്നത്. പിണ്ഡാകാരമായിരുന്ന ശിശു തന്റെ വളർച്ചയുടെ പൂർണ്ണതയിൽ മാംസ ഭിത്തികൾ പിളർന്ന് ഉള്ളിൽ കരൾ പിളർക്കും വിധം അസഹ്യമായ അതിവേദന ഒരോ മാതാവിനും നൽകിക്കൊണ്ടാണ് ഈ മണ്ണിലേക്കു പിറന്നു വീഴുന്നത്. പക്ഷേ, പെറ്റുവീണ കുഞ്ഞിനെ കാണുമ്പോൾ അമ്മ ആ വേദനയെല്ലാം മറക്കുന്നു. അമ്മയുടെ ഉള്ളിൽ ആനന്ദം നിറയുന്നു. ഇതു കേവലം താല്കാലിക സന്തോഷമല്ല. കുഞ്ഞിനെ മാറോടു ചേർത്തു പുൽകി മുലയൂട്ടുമ്പോൾ ഓരോ അമ്മയുടെയും കണ്ണ് ആനന്ദാതിരേകത്താൽ നിറയുന്നു. എത്ര ഹൃദയസ്പൃക്കായ ഒരു വാചകമാണ് അലങ്കാരികമായി പൗലോസ് ഇവിടെ നിർവചിച്ചിരിക്കുന്നത്.

നമ്മുടെ ചാരത്തു വരാൻ തന്റെ സാമീപ്യം പകരാൻ അതിയായ ആശയോടെ നമ്മുടെ നിത്യ ഇടയൻ കാത്തിരിക്കുകയാണ്. ഉള്ളിൽ ക്രിസ്തു ഉരുവാകുന്നതിനായി കാക്കുകയാണ്. ഭൗതിക ശരീരത്തിൽ നിന്നും ഒരു ശിശു ഉരുവാകുന്നതു പോലെ, ആത്മികമായി ഒരു രണ്ടാം ജനനത്തിനായി... ആ മഹാസന്തോഷം അനുഭവിക്കാൻ ഇതുവരെയും തിരിച്ചറിഞ്ഞിട്ടില്ലാത്ത സർവ്വജനത്തെയും ക്ഷണിക്കുകയാണ് ഈ ക്രിസ്തുമസ് കാലം. കൃപയുടെ യുഗം എന്നു തീരുമെന്നറിയില്ല...!!!

ക്രിസ്തുവിൽ നിന്നും വേർപെട്ടുപോയി, കൃപയിൽ നിന്നും വീണു പോകുവാൻ ഒരിക്കലും ഇടവരാതിരിക്കട്ടെ..! ക്രിസ്തു നമ്മുടെ ഉള്ളിൽ ഉരുവാകുവാൻ ഈ ക്രിസ്തുമസ് വേള ഇടയാക്കട്ടെ..! അങ്ങനെ നൈമിഷികമായ താൽക്കാലിക സന്തോഷമല്ല, മറിച്ച് ഉള്ളുനിറയുന്ന, നൊമ്പരപ്പെടുത്തുമെങ്കിലും നുരെച്ചു പൊന്തുന്ന ആനന്ദം പകരുന്ന, ആ നിർവൃതി നമുക്ക് അനുഭവിക്കാം. മാലാഖമാരോടും സ്വർഗ്ഗീയ സൈന്യത്തിന്റെ സംഘത്തോടും നമുക്കും ഒത്തുചേർന്നു പാടാം:

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം."

Feedback-mail to: shibuthoppil@yahoo.com

# the END TIME NEWS

VOICE OF HARVESTING SOULS MISSION

USA
PO.box 125
Wheat land,6920.5.m manin st
Wheat land Oklahoma
box zip code-73097
PH-(405) 745-786(H)
Mob-001(405)778-4341(Wats App)


## മതനിരപേക്ഷത നഷ്ടപ്പെട്ടാൽ എല്ലാം തകരും;മുഖ്യമന്ത്രി.



**തിരുവല്ല:** ഒരുമയുടെ സംസ്കാരം ശക്തിപ്പെടുത്തണമെന്നും ഇതു തകർക്കാനുള്ള ശ്രമത്തിനെതിരെ ജാഗ്രത പുലർത്തണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവല്ല വൈ.എം.സി.എ സുവർണ്ണ ജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മതനിരപേക്ഷത നഷ്ടപ്പെട്ടാൽ എല്ലാം തകരും എല്ലാതരത്തിലും യശസ്സുള്ള സംസ്ഥാനമാണ് നമ്മുടേത്.

ഈ യശ്ശസ്സിനെ അപകീർത്തിപ്പെടുത്താൻ ശ്രമം തുടരുകയാണ്. നാടിന്റെ പുരോഗതിയ്ക്ക് ശക്തി പകരുന്ന കൂട്ടായ്മകൾ സമൂഹത്തിൽ വളർന്ന് വരണം. ചിലതിന്റെയെല്ലാം പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കാൻ നടക്കുന്ന ശ്രമങ്ങൾ ജാഗ്രതയോടെ കാണണം. ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സിന് വേണ്ടി പ്രവർത്തിക്കുകയും ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നതാണ് വൈ.എം. സി.എ യുടെ നേട്ടം. നല്ല പ്രതിബദ്ധതയുള്ള കൂട്ടായ്മയ്ക്ക് മാത്രമേ ഇങ്ങനെ പ്രവർത്തിക്കാൻ ആകൂ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വൈ.എം.സി.എ വികാസ് സ്കൂൾ രണ്ടാംഘട്ട നിർമ്മാണ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു. രാജ്യസഭ ഉപാധ്യക്ഷൻ പി.ജെ.കുര്യൻ അധ്യക്ഷത വഹിച്ചു. ശതാബ്ദി ആഘോഷിക്കുന്ന ഡോ.ഫിലിപ്പോസ് മാർക്രിസോസ്റ്റം വലിയ മെത്രപ്പൊലീത്ത, വൈദീക ശുശ്രൂഷയിൽ 60 വർഷം പൂർത്തിയാക്കിയ ഡോ.ജോസഫ് മാർത്തോമ മെത്രപ്പൊലീത്ത, സുവിശേഷ പ്രസംഗവേദിയിൽ 50 വർഷം പിന്നിട്ട ഐ.പി.സി രാജ്യാന്തര സെക്രട്ടറി പാസ്റ്റർ കെ.സി.ജോൺ, എൺപതാം ജന്മദിനം ആഘോഷിക്കുന്ന ഓർത്തഡോക്സ് സഭ ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്തനാസിയോസ്, വൈ.എംസിഎ ദേശീയ പ്രസിഡന്റ് ലെബി ഫിലിപ്പ് മാത്യു, ആർച്ച് ബിഷപ്പ് ഡോ.തോമസ് മാർ കുറിലോസ് എന്നിവരെ മുഖ്യമന്ത്രി പൊന്നാടയണിയിച്ച് ആദരിച്ചു.

## കോയമ്പത്തൂരിൽ 10 ക്രൈസ്തവ ആരാധനാലയങ്ങൾക്ക് വിലക്ക്

തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ കഴിഞ്ഞ 2 മാസമായി ആരാധന നടത്തുന്നതിന് വിലക്കേർപ്പെടുത്തി.ഇനി കലക്ടറുടെ ഉത്തരവ് കിട്ടുന്നതുവരെ ആരാധന നടത്തുവാൻ പാടില്ല.500 ൽ പരം വിശ്വാസികൾ ആരാധനകൾക്ക് ആരാധനാലയം തുറന്ന് കിട്ടണമെന്ന് ആവശ്യപ്പെട്ട് സബ് കളക്ടറുടെയും പോലീസ് സൂപ്രണ്ടിന്റെയും ഓഫീസുകൾക്ക് മുന്നിൽ പ്രതിഷേധ യോഗം സംഘടിപ്പിച്ചിരുന്നു.എന്നാൽ ഈ ആവശ്യം പോലീസ് നിഷേധിക്കുകയാണ് ചെയ്തത്. തീവ്ര വർഗ്ഗീയ സംഘങ്ങളുടെ സമ്മർദ്ദം മൂലമാണ് വിലക്ക് ഏർപ്പെടുത്തിയെന്നാണ് ആക്ഷേപം. ഇതേ രീതിയിൽ മറ്റ് 20 ഓളം ആരാധനാലയങ്ങൾക്ക് കൂടി പരാതി നൽകിയിട്ടുണ്ടെന്നും അവയും അടച്ചു പൂട്ടൽ ഭീഷണി നേരിടുകയാണെന്നും പറയുന്നു.


